കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പനങ്ങാട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി.16/8/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട് ജില്ല

തീയതി.31.01.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പനങ്ങാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പനങ്ങാട് ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തിലെ
ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.കെ.ഡി. പി.16/8/2019 തീയ്യതി:31.01.2019

കോഴിക്കോട് ജില്ലയിലെ പനങ്ങാട്ഗ്രാമപഞ്ചായത്തിന്റെ 2017-18

സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 17.12.2018 മുതൽ 22.12.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സതീഷ് മാവേലി പുത്തൻ വീട് , ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.12.2018 മുതൽ22.12.2018വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ സതീഷ് കുമാർ.കെ | ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ) |
| | ശ്രീമതി.ഷൈന. എ.കെ | അസി ഓഡിറ്റ് ഓഫീസർ. |
| | ശ്രീമതി.ജിഷ സാമുവൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ. |
| | ശ്രീ. ഡാനിഷ്.എ.ഇസഡ് | ഓഡിറ്റർ. |

| | | |
|---|---|---|
| | ശ്രീ. വിജേഷ്.കെ.കെ | ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.വി.എം.കമലാക്ഷി | 01.04.2017മുതൽ31.03.2018വരെ |
| സെക്രട്ടറി | ശ്രീ.അബ്ദു റഹീം കെ | 01.04.2017മുതൽ 31.03.2018വരെ |
| അസി. സെക്രട്ടറി | ശ്രീ. ജിജിമോൻ എം. ടി | 01.04.2017മുതൽ 16.06.2017വരെ |
| | ശ്രീ.മുഹമ്മദ് ലുക്മാൻ.എം.പി | 19.06.2017മുതൽ 19.08.2017വരെ |
| | ശ്രീ.ഒ.പി.രാധാകൃഷ്ണൻ | 02.09.2017മുതൽ 31.03.2018വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.നൗഷാദ് വി കെ | 01.04.2017മുതൽ 16.08.2017വരെ |
| | ശ്രീമതി.നന്ദിത.വി.പി | 17.08.17 മുതൽ 06.11.17 വരെ |
| | ശ്രീ.മനോജ്.പി.ആർ | 07.11.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | Dr. ഷീല | 01.04.2017മുതൽ 06.06.2017വരെ |
| | Dr.എ.ജെ.ജോയ് | 07.06.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽഓഫീസർ (ഹോമിയോ) | Dr ജീനാ കുമാരി | 01.04.2017മുതൽ27.05.2017വരെ |
| | Dr. മുഹമ്മദ് റാഷിദ് | 28.05.2017 മുതൽ 31.03.2018 വരെ |
| മെഡി.ഓഫീസർ (ആയുർവ്വേദം) | Dr ഷെർലി ഒ കെ | 01.04.2017മുതൽ 11.05.2017വരെ |
| | Dr.അനിൽകുമാർ.ഡി | 12.05.2017 മുതൽ 20.10.17 വരെ |
| | Dr.ടി.കെ മുഹമ്മദ് | 21.10.2017 മുതൽ 31.03.2018 വരെ |
| വി ഇ ഒ (പനങ്ങാട് സർക്കിൾ) | ശ്രീ.രാജേഷ് | 01.04.2017മുതൽ 26.12.2017വരെ |

| | | |
|---|---|---|
| | ശ്രീമതി.സിന്ധു | 27.12.17 മുതൽ 31.03.2018 വരെ |
| വി ഇ ഒ (തലയാട് സർക്കിൾ) | ശ്രീ ലിജേഷ്.കെ.രാജ് | 01.04.2017മുതൽ31.03.2018വരെ |
| അസിസ്റ്റന്റ്എഞ്ചിനീയർ | ശ്രീമതി ദീപ്തി ഇ കെ | 01.04.2017മുതൽ30.08.2017വരെ, 03.10.2017 മുതൽ 08.10.2017വരെ |
| | ശ്രീ.രഞ്ചു സുരേന്ദ്രൻ | 01.09.2017 മുതൽ 02.10.2017 വരെ |
| | ശ്രീ. രജീഷ് കുമാർ.സി | 09.10.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ജീജ.കെ എം | 01.04.2017മുതൽ31.03.2018വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ മുഹമ്മദ് ഇക്ബാൽ | 01.04.2017മുതൽ31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | Dr കെ.അബ്ബാസ് | 01.04.2017മുതൽ31.03.2018വരെ |
| | Dr. അനൂപ് കൃഷ്ണൻ | 01.04.2017മുതൽ31.03.2018വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.പ്രസന്ന.പി | 01.04.2017മുതൽ31.03.2018വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | തൊഴിൽ നികുതി അപാകത. | 2-1 |
| 14 | വസ്തുനികുതി കണക്കാക്കിയതിലെ അപാകതകൾ | 2-2 |
| 15 | ഡി ആന്റ് ഒ. ലൈസൻസ് അപാകത | 2-3 |
| | ഭാഗം – 3 | |
| 16 | കിനാലൂർ മിനി ഇൻഡസ്ട്രിയൽ കെട്ടിടം – സംബന്ധിച്ച് | 3-1 |
| 17 | ആയുർവേദ ആശുപത്രിയിലേയ്ക്ക് ക്ലിനിക്കൽ ഉപകരണങ്ങളും ഓഫീസ് അനുബന്ധ ഉപകരണങ്ങളും വാങ്ങൽ – നടപടിയിലെ അപാകതകൾ | 3-2 |
| 18 | ആയുർവേദ ആശുപത്രിയിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ | 3-3 |
| 19 | പഞ്ചായത്തിലെ വാങ്ങൽ നടപടിയിലെ പൊതു അപാകതകൾ | 3-4 |
| 20 | കശുമാവ് കൃഷി – വിഭാവനം ചെയ്തതിൽ നിന്ന് വ്യതിചലിച്ച് നിർവ്വഹണം നടത്തി. | 3-5 |
| 21 | തെരുവ് വിളക്ക് റിപ്പയർ/സ്ഥാപിക്കൽ – പദ്ധതികളുടെ നടത്തിപ്പിലെ അപാകതകൾ | 3-6 |
| 22 | മൃഗസംരക്ഷണപദ്ധതി തുക കൈമാറിയത് സംബന്ധിച്ച് | 3-7 |
| 23 | ഗാർഹിക മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കിയതിലെ അപാകതകൾ | 3-8 |
| 24 | സ്മാർട്ട് ലൈബ്രറി – പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-9 |
| 25 | സബ്സിഡി തുക ബാങ്കിൽ ഒടുക്കാതെ വി.ഇ.ഒ.യുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു. പലിശയിനത്തിൽ വ്യവസായ യൂനിറ്റ് നഷ്ടം സംഭവിക്കുന്നു. | 3-10 |
| 26 | ചെലവഴിക്കാത്ത സംയുക്ത പ്രൊജക്ടുകളുടെ തുക തിരികെ അടവാക്കിയില്ല. | 3-11 |
| 27 | പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്ന് നികുതി ഈടാക്കുന്നത് സംബന്ധിച്ച് | 3-12 |
| 28 | ഗ്രാമപഞ്ചായത്ത് റോഡ് വികസന പ്രവർത്തനങ്ങൾക്കായി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ്. | 3-13 |
| 29 | സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കുന്നില്ല. | 3-14 |

| | | |
|---|---|---|
| 30 | പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായ പ്രവൃത്തി പൂർത്തീകരിയ്ക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ട് നഷ്ടമാകുന്നു. | 3-15 |
| 31 | ശമ്പള പരിഷ്കരണം – പുതുക്കിയ ശമ്പളത്തിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. | 3-16 |
| 32 | അവശ്യരേഖകൾ ഇല്ലാതെ ആനുകൂല്യങ്ങൾ അനുവദിക്കുന്നു. | 3-17 |
| 33 | തൊഴിൽരഹിത വേതനം -അപാകത | 3-18 |
| 34 | തൊഴിലുറപ്പ് പദ്ധതി- അവലോകനം | 3-19 |
| 35 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് വരവ് വെക്കുന്നില്ല. | 3-20 |
| | ഭാഗം – 4 | |
| 36 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 39 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 43 | ചാർജ്/സർചാർജ് നടപടി വിവരം. | 4-8 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

23/03/2017 തീയതിയിലെ 2തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 27.03.2018തീയതിയിലെ 1(1)തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 30.07.2018 | 10.05.2018 | 10.05.2018 | |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.06.2018-23.06.2018 | കെ.എസ്.എ.കെ.കെ.ഡി.ഇ2/1111 /2018(52) തീ.16.07.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 35058625 |
| വരവ് | 83305682 |
| ആകെ | 118364307 |
| ചെലവ് | 83155218 |
| നീക്കിയിരിപ്പ് | 35209089 |

## 1-5 ഫണ്ട് വിനിയോഗം

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം | | | 20323000 | 20323000 | 19470907 | 852093 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 10184776 | 1084776 | 8798899 | 1385877 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 62975 | 62975 | 62975 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 4677000 | 4677000 | 4677000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 4450000 | 4450000 | 4324233 | 125767 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 9545281 | 9545281 | 9545281 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 1866350 | 1866350 | 1768768 | 97582 |
| സാക്ഷരത | | 127956 | 216719 | 344675 | 211955 | 132720 |
| ദുരിതാശ്വാസനിധി | | 0 | 500000 | 500000 | 0 | 500000 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 26433644 | 26433644 | 26433644 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് | 75449 | 1922453 | 1997902 | 1107978 | 889924 |

| | | | | | | |
|---|---|---|---|---|---|---|
| | ചെലവ് | | | | | |
| | മെറ്റീരിയൽ വർക്ക് | | 3883039 | 3883039 | 3551213 | 331826 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | പൈക്ക | 695900 | 25921 | 721821 | 0 | 721821 |
| | എസ്.എസ്.എ | 68118 | 2596 | 67714 | 0 | 67714 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 2152750 | 2152750 | 1563398 | 589352 |
| | ജില്ലാ പഞ്ചായത്ത് | 50000 | 733750 | 783750 | 447927 | 335823 |
| ബി ഫണ്ട് | | | 58275120 | 58275120 | 58275120 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 10222419 | 12151096 | 22373515 | 14854238 | 7519277 |
| തനത് ഫണ്ട് | | 22758614 | 9636131 | 32394745 | 10303633 | 22091112 |
| മറ്റിനം | | | | | | |
| എസ്.ബി.ഐ ഇ പെയ്മെന്റ് | | 0 | 71613 | 71613 | 0 | 71613 |
| എസ്.ബി.ഐ (OLD A/C) | | 680566 | 207246 | 887812 | 4000 | 883812 |
| എസ്.ബി.ഐ (പെൻഷൻ) | | 992 | 36 | 1028 | 148 | 880 |
| എം.പി.എൽ.എ.എസ് | | 227217 | 2768897 | 2996114 | 1930622 | 1065492 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 196 | 130584033 | 134 | 62408505 | 62 | 3 | 68.36 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 75449 | 1922453 | 1997902 | 1107978 | 889924 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 26433644 | 26433644 | 26433644 | 0 |
| മെറ്റീരിയൽ വർക്ക് | 0 | 3883039 | 3883039 | 3551213 | 331826 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 156720 | 262 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 10899500 | 3686 |
| വിധവാപെൻഷൻ | 17129800 | 5637 |
| വാർദ്ധക്യകാലപെൻഷൻ | 24738200 | 7069 |
| വികലാംഗപെൻഷൻ | 4656800 | 1518 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 514100 | 165 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90000 | 3 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20/12/2018, 10.30am ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18428/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

സെക്രട്ടറി ഉൾപ്പെടെ 15 ജീവനക്കാർ ജോലി ചെയ്യുന്ന പഞ്ചായത്തിൽ ഓരോ ജീവനക്കാരനും ചെയ്യേണ്ട ജോലി കൃത്യമായി 01.08.2018 ലെ ബി1/867/2018 നമ്പർ ഉത്തരവ് പ്രകാരം വിഭജിച്ച നൽകിയിട്ടുണ്ട്. എല്ലാ മാസവും ഓഫീസ് മീറ്റിംഗ് നടത്തി ജോലിയുടെ പുരോഗതി വിലയിരുത്തുകയും, ഫയലുകൾ വേഗം തീർപ്പാക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

കാര്യാലയത്തിലെ ഹാജർ പട്ടിക ,കാഷ്വൽ ലീവ് രജിസ്റ്റർ , ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ , പേഴ്സണൽ രജിസ്റ്റർ എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.

ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിൽ നിന്നും തപാലുകൾ സ്വീകരിച്ച്, പേഴ്സണൽ രജിസ്റ്ററിൽ ചേർത്ത്, ആവശ്യമായ വിവരങ്ങൾ എല്ലാം തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ഓരോ മാസാവസാനം, ഫയലുകളുടെ പുരോഗതി വിലയിരുത്തുന്നതായും ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.02.2018 | ജനുവരി 2018 | Pau/bly/png/01/18 Dt 27.02.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.052001 | 1997-98 to 1999-2000 | Spl cell (H2)/1A/BA168/269 Dt 31.07.2001 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെ പറയുന്നവ പരിഹരിക്കാൻ അവശേഷിക്കുന്നു

1) ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് ഫംഗ്ഷൻ/ ഫംഗ്ഷണറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല.

2) 2017-18 ലെ വാർഷിക ധനകാര്യപത്രികയുടെ കൂടെ സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ തയ്യാറാക്കിയിട്ടില്ല.

3) ആസ്തി രജിസ്റ്ററിൽ സ്ഥാപനത്തിന്റെ ആസ്തികൾക്ക് മൂല്യം കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി അപാകത

ഡിമാസ്കോ ഫൂട്ട്‌വെയർ പ്രൈവറ്റ് ലിമിറ്റഡ് കിനാലൂർ എന്ന സ്ഥാപനം ഡി.എഫ്.പി.എൽ/176/17-18 തീയ്യതി 30.08.2017 പ്രകാരംസമർപ്പിച്ച 2017-18ലെ ഒന്നും രണ്ടും അർദ്ധവർഷത്തെ തൊഴിൽ നികുതി റിട്ടേൺ പ്രകാരമല്ല തൊഴിൽ നികുതി അടവാക്കിയത്. വിശദവിവരങ്ങൾ താഴെ നൽകുന്നു.

| ജീവനക്കാരന്റെ പേര് | ഒന്നാം അർദ്ധവർഷത്തെ വരുമാനം | അടവാക്കിയ തൊഴിൽ നികുതി | അടവാക്കേണ്ട തൊഴിൽ നികുതി | നഷ്ടം |
|---|---|---|---|---|
| നിഷ.വി.കെ | 53370 | 300 | 450 | 150 |
| നൌഷിത | 53370 | 300 | 450 | 150 |
| സുഹറ.ടി.കെ | 53370 | 300 | 450 | 150 |
| സക്കീന | 53370 | 300 | 450 | 150 |
| ജയശ്രീ | 53370 | 300 | 450 | 150 |
| ബിന്ദു | 52470 | 300 | 450 | 150 |
| ചന്ദ്രി | 52470 | 300 | 450 | 150 |
| ജീജ | 52470 | 300 | 450 | 150 |
| സൌദ | 52470 | 300 | 450 | 150 |
| ശ്രീജ | 52470 | 300 | 450 | 150 |
| അഫ്റോജ് | 60450 | 450 | 600 | 150 |
| റസീന | 49320 | 300 | 450 | 150 |

| | | | | |
|---|---|---|---|---|
| ഷാജിന | 49320 | 300 | 450 | 150 |
| ഹരികേഷ് കുമാർ | 51000 | 300 | 450 | 150 |
| സുമിത്പാൽ | 50100 | 300 | 450 | 150 |
| മുഖലാൽ പ്രസാദ് | 34000 | 180 | 300 | 120 |
| ബിപിൻ പങ്കജ് | 18000 | 120 | 180 | 60 |
| | | | ആകെ | 2430 |

മേൽ സ്ഥാപനം സമർപ്പിച്ച ഡി.എഫ്.പി.എൽ/276/17-18 തീയ്യതി22.02.2018 പ്രകാരം ലഭ്യമാക്കിയ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി റിട്ടേൺ പ്രകാരം ഈടാക്കിയ വിവരം.

| ജീവനക്കാരൻെറ പേര് | രണ്ടാം അർദ്ധവർഷത്തെ വരുമാനം | അടവാക്കിയ തൊഴിൽ നികുതി | അടവാക്കേണ്ട തൊഴിൽ നികുതി | നഷ്ടം |
|---|---|---|---|---|
| നിഷ.വി.കെ | 69108 | 450 | 600 | 150 |
| നൌഷിത | 69108 | 450 | 600 | 150 |
| സുഹറ.ടി.കെ | 69108 | 450 | 600 | 150 |
| സക്കീന | 69108 | 450 | 600 | 150 |
| ജയശ്രീ | 69108 | 450 | 600 | 150 |
| ബിന്ദു | 69108 | 450 | 600 | 150 |
| ചന്ദ്രി | 69108 | 450 | 600 | 150 |
| ജീജ | 69108 | 450 | 600 | 150 |
| സൌദ | 69108 | 450 | 600 | 150 |
| ശ്രീജ | 69108 | 450 | 600 | 150 |
| അഫ്റോജ് | 69108 | 450 | 600 | 150 |
| റസീന | 69108 | 450 | 600 | 150 |
| ഷാജിന | 66300 | 450 | 600 | 150 |
| സന്ദീപ്കുമാർ | 33150 | 180 | 300 | 120 |
| ചന്ദ്രകിഷോർ | 33150 | 180 | 300 | 120 |
| റാം ബഹാദൂർ ചന്ദ്രി | 46482 | 300 | 450 | 150 |

| | | | | |
|---|---|---|---|---|
| | | | | |
| രാംലാൽ കിഷ്ണ | 33150 | 180 | 300 | 120 |
| ഹരികേഷ് കുമാർ | 33150 | 180 | 300 | 120 |
| | | | ആകെ | 2580 |

കുറവായി തൊഴിൽ നികുതി ഈടാക്കിയതിനുള്ള വിശദീകരണം നൽകേണ്ടതാണെന്ന് നൽകിയ അന്വേഷണകുറിപ്പ് 9/17-18 തീയ്യതി 20.12.2018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന തുക ഈടാക്കി വിശദമായ മറുപടി ഹാജരാക്കേണ്ടതാണ്.

## 2-2 വസ്തുനികുതി കണക്കാക്കിയതിലെ അപാകതകൾ

2017-18 ൽ പുതുതായി നമ്പർ അനുവദിച്ച കെട്ടിടങ്ങളിൽ വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ വസ്തുനികുതി കണക്കാക്കിയതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1)കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു

100 ച.മീ. ന് മുകളിലുള്ള വാണിജ്യകെട്ടിടങ്ങളിലെ മുറികൾ വിഭജിച്ച് പ്രത്യേകം നമ്പർ നൽകുമ്പോൾ പഞ്ചായത്ത് അംഗീകരിച്ച അടിസ്ഥാന വസ്തുനികുതി നിരക്കായ 50/- രൂപയ്ക്ക് പകരം 100 ച.മീ ന് താഴെയുള്ള വാണിജ്യകെട്ടിടങ്ങൾക്ക് നൽകുന്ന കുറഞ്ഞ നിരക്കായ 30/- രൂപ കണക്കാക്കി നികുതി നിർണ്ണയിക്കുന്നു

2) മേഖല തെറ്റായി കണക്കാക്കുന്നു.

കംപ്ളീഷൻ പ്ളാൻ പ്രകാരം പ്രാഥമിക മേഖലയിൽ ഉൾപ്പെട്ട കെട്ടിടത്തിന്റെ നികുതി കണക്കാക്കാനായി സഞ്ചയയിൽ വിവരങ്ങൾ നൽകുമ്പോൾ ദ്വിതീയ മേഖലയിൽ ഉൾപ്പെട്ട കെട്ടിടം എന്ന് തെറ്റായി വിവരം ചേർക്കുന്നു. ഇതിനാൽ അടിസ്ഥാന വസ്തുനികുതിയിൽ കുറവ് വരാനിടയാകുന്നു.

വസ്തു നികുതി കണക്കാക്കിയപ്പോൾ മേഖലയും നികുതി നിരക്കും തെറ്റായി സഞ്ചയയിൽ നൽകിയതിനാൽ നികുതിയിൽ കുറവുണ്ടായി. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം, ഉടമ | ഈടാക്കിയ നികുതി | യഥാർത്ഥ നികുതി | കുറവ് |
|---|---|---|---|---|
| 1 | 20/499 ജെ<br>ഗിരിജ | വിസ്തീർണ്ണം 55.28<br>നിരക്ക് - 30/-<br>മേഖല തൃതീയം 20% ഇളവ്<br>നികുതി 1327+67 | വിസ്തീർണ്ണം 55.28<br>നിരക്ക് - 30/-<br>മേഖല പ്രാഥമികം ഇളവ് ഇല്ല<br>നികുതി 1990+100 | 332+16 |
| 2 | 7/250 എ<br>അബ്ദുൾ മജീദ് , സുബൈദ | വിസ്തീർണ്ണം 13.4<br>നിരക്ക് - 30/-<br>മേഖല തൃതീയം 20% ഇളവ്<br>വഴി - 20% വർദ്ധന<br>നികുതി 402+21 | വിസ്തീർണ്ണം 13.4<br>നിരക്ക് - 30/-<br>മേഖല പ്രാഥമികം ഇളവ് ഇല്ല<br>വഴി - 20% വർദ്ധന<br>നികുതി 483+24 | 81+3 |

| | | | | |
|---|---|---|---|---|
| 3 | 7/250 ബി<br>അബ്ദുൾമജീദ് സുബൈദ | വിസ്തീർണ്ണം 26.29<br>നിരക്ക് - 30/-<br>മേഖല തൃതീയം 20% ഇളവ്<br>വഴി - 20% വർദ്ധന<br>നികുതി 789+40 | വിസ്തീർണ്ണം 26.29<br>നിരക്ക് - 30/-<br>മേഖല പ്രാഥമികം ഇളവ് ഇല്ല<br>വഴി - 20% വർദ്ധന<br>നികുതി 947+47 | 158+7 |
| 4 | 14/367ഡി<br>റൈഹാനത്ത് | വിസ്തീർണ്ണം 106.84<br>നിരക്ക് 30/-ച.മീ<br>മേഖല ദ്വിതീയം10% ഇളവ്<br>വഴി 5 മീ.കൂടുതൽ 20% വർദ്ധന<br>മേൽക്കൂര – 10% ഇളവ്<br>നികുതി 3206+161 | വിസ്തീർണ്ണം 106.84<br>നിരക്ക് 50/-ച.മീ<br>മേഖല ദ്വിതീയം10% ഇളവ്<br>വഴി 5 മീ.കൂടുതൽ 20% വർദ്ധന<br>മേൽക്കൂര – 10% ഇളവ്<br>നികുതി 5342+267 | 2136+106 |

ആകെ 2707 രൂപ വസ്തു നികുതി ഇനത്തിലും 132 രൂപ ഗ്രന്ഥശാലാ സെസ്സ് ഇനത്തിലും ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്. മുൻ വർഷങ്ങളിൽ കെട്ടിട നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങൾക്കും നികുതി കണക്കാക്കിയപ്പോൾ മേൽ പട്ടികയിൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകതകൾ ഉണ്ടായിട്ടുണ്ടോ എന്ന് സെക്രട്ടറി പരിശോധിക്കേണ്ടതും അപാകത കുടിശ്ശിക നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അപാകത ഓഡിറ്റ് വേളയിൽ ഓഡിറ്റ് എൻക്വയറി മുഖേന ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെങ്കിലും ( 21/*17-18 തീയതി 22*12/2018) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-3 ഡി & ഒ ലൈസൻസ് അപാകത

സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം സ്ഥാപന പരിധിയിൽ വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി ആകെ 1931കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. നിർമ്മിതിയുടെ സ്വഭാവമനുസരിച്ച് ഈ കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനാണ് മിക്കവാറും സാധ്യത. എന്നാൽ ഓഡിറ്റ് വർഷത്തിൽ 501 പേർക്ക് മാത്രമാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിരിക്കുന്നത്. (ആയത് ആകെ വാണിജ്യകെട്ടിടങ്ങളുടെ 25% മാത്രം) ഓഡിറ്റ് വർഷത്തിൽ വേക്കൻസി റെമിഷൻ ആയി കെട്ടിട ഉടമകൾ അപേക്ഷ സമർപ്പിക്കാത്തതിനാൽ വാണിജ്യ കെട്ടിടങ്ങളൊന്നും ഒഴിഞ്ഞു കിടക്കുന്നില്ല എന്ന് വ്യക്തമാണ്. ഇത്രയും ലൈസൻസിന് ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ വിവരം പരിശോധിച്ചതിൽ നിന്നും ലൈസൻസ് ഇല്ലാതെ വാണിജ്യ, വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാകുന്നു. 1994ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ , ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ

എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാട്ടുള്ളതല്ല. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനത്തോടൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർണ്ണം കാണേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് നൽകിയ 10/17-18 നമ്പർ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കിനാലൂർ മിനി ഇൻഡസ്ട്രിയൽ കെട്ടിടം- സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ KSIDCയ്ക്ക് കിനാലൂർ വനിതാ മിനി ഇൻഡസ്ട്രിയൽകെട്ടിടം നിർമ്മിക്കുന്നതിന് 1 ഏക്കർ സ്ഥലം ലീസിനെടുക്കുന്നതുമായി ബന്ധപ്പെട്ട് EMD നൽകിയതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട ഫയലുകളും അനുബന്ധ രേഖകളും ആവശ്യപ്പെട്ട് 18.12.18ന് സെക്രട്ടറിയ്ക്ക് അന്വേഷണകുറിപ്പ് (1/17-18) നൽകിയെങ്കിലും മുഴുവൻ രേഖകൾ ഹാജരാക്കിയില്ല. 10.07.13ന് KSIDCയുമായി 90 വർഷത്തേക്കുള്ള ലീസിനുവേണ്ടി ഉണ്ടാക്കിയ കരാറും ലീസ് തുകയായ 1900000/-(19ലക്ഷം) രൂപയും 95700 രൂപ ടാക്സും ഉൾപ്പെടെ 2095700/- രൂപ 12.04.2012ന് DD എടുത്ത് നൽകിയതിൻെറ രേഖകളും മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. കൂടാതെ 28.06.2018ലെ KSIDCയുടെ കത്ത് നമ്പർ KSIDC/IAC/2/2018/06/01/801 പ്രകാരം2016 ഏപ്രിൽ മുതൽ 2018 ജൂൺ വരെയുള്ള കോമൺ ഫെസിലിറ്റി ചാർജ്ജ് ആയ 47928/-രൂപ അടവാക്കുന്നതിൽ വീഴ്ച വരുത്തിയതിനെ വിമർശിച്ചിട്ടുണ്ട്. കത്തിന് മറുപടിയായി 06.08.2018ലെ ഭരണസമിതി തീരുമാന പ്രകാരം സാമ്പത്തിക ബുദ്ധിമുട്ടുമൂലം കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത വിവരവും കെട്ടിടനിർമ്മാണം പൂർണ്ണതോതിൽ വിഭാവനം ചെയ്ത രീതിയിൽ പ്രവർത്തനസജ്ജമാവുന്നത് വരെ പൊതു സൗകര്യങ്ങൾക്കുള്ള ചാർജ്ജ് ഒടുക്കുന്നതിൽ ഇളവ് അനുവദിക്കുന്നതിനും അപേക്ഷിച്ചിട്ടുണ്ട്. 21.12.2018ന് സെന്റർ പരിശോധിച്ചതിൽ ഓഡിറ്റ് തിയ്യതിയിലും വ്യവസായം ആരംഭിച്ചിട്ടില്ലെന്ന് കാണുന്നു.

കിനാലൂരിൽ വനിതകൾക്ക് ഫൂട്ട് വെയർ നിർമ്മാണത്തിന് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നടത്തുന്നതിന് വേണ്ടിയാണ്, KSIDC യിൽ നിന്നും 90 വർഷത്തേക്ക് 1 ഏക്കർ സ്ഥലം ലീസിനെടുത്തിട്ടുള്ളത്. എബിലിറ്റി സെന്ററുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾ ഭരണസമിതിയുടെയും അധികാരികളുടെയും ശ്രദ്ധയിൽപെടുത്തുന്നു.

1. 1ഏക്കർ സ്ഥലം 90 വർഷത്തേക്കുള്ള പാട്ടത്തിൻെറ കാലവധി തുടങ്ങുന്നത് (10.07.2013ലെ എഗ്രിമെൻെറ് പ്രകാരം) 02.05.2012നാണ്. കെട്ടിട നിർമ്മാണം പൂർത്തിയാക്കി ഉത്പാദനം തുടങ്ങാനുള്ള താമസം പാട്ടകാലാവധിയെ ബാധിച്ചു.
2. KSIDC യ്ക്ക് EMD യായി 190000/- രൂപയും പാട്ടതുകയായ 21,34,840/-രൂപയും (പാട്ടതുക190000+സർവ്വീസ് ടാക്സ്) ലഭിച്ചതായി 10.07.2013ലെ എഗ്രിമെൻെറിൽ പറയുന്നുണ്ടെങ്കിലും 20,95,700രൂപ കൈമാറിയതിൻെറ രേഖകൾ മാത്രമേ ഫയലിൽ കാണുന്നുള്ളു.
3. KSIDC പാട്ടത്തിന് നൽകിയ സ്ഥലത്ത് കെട്ടിടം പണിയുമായി ബന്ധപ്പെട്ട് ചെലവായ തുകയുടെ വിശദവിവരങ്ങളും വൌച്ചറുകളും ബില്ലുകളും എം ബുക്കും മറ്റ് രേഖകളും ലഭ്യമാക്കിയിട്ടില്ല.
4. EMDയായി നൽകിയ 1,90,000/-രൂപ തിരികെ ലഭ്യമാകണമെങ്കിൽ പാട്ടകരാർ ഉണ്ടാക്കണമെന്ന് എഗ്രിമെൻെറിൽ പറഞ്ഞിട്ടുണ്ട്.
5. പൊതു ആവശ്യങ്ങൾക്കുള്ള ചാർജ്ജ് KSIDC എന്തടിസ്ഥാനത്തിലാണ് നിശ്ചയിക്കുന്നതെന്ന് വ്യക്തമല്ല.

മേൽ അപാകതൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് കാണിച്ച് നൽകിയ അന്വേഷണകുറിപ്പ് നമ്പർ 23/17-18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്കുള്ള മറുപടി ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമമറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 3-2 ആയുർവേദ ആശുപത്രിയിലേയ്ക്ക് ക്ലിനിക്കൽ ഉപകരണങ്ങളും, ഓഫീസ് അനുബന്ധ ഉപകരണങ്ങളും വാങ്ങൽ– നടപടിയിലെ അപാകതകൾ

നിർവ്വഹണം : മെഡിക്കൽ ഓഫീസർ (ആയുർവേദം)

അടങ്കൽ : 3,00,860/-

ചെലവ് : 3,00,575/- (ബിൽ നമ്പർ : 2/17-19/9.1.2018)

മേൽ പദ്ധതി പ്രകാരം ആയുർവേദ ആശുപത്രിയിലേയ്ക്ക് ആവശ്യമായ പൊതു ക്ലിനിക്കൽ ഉപകരണങ്ങൾ, കട്ടിൽ ,കിടക്ക, മര സ്റ്റൂൾ, അലമാര, മേശ തുടങ്ങിയ ഫർണീച്ചറുകൾ, റഫ്രിജറേറ്റർ, ഗ്യാസ്

സ്റ്റൗ, ഇൻഡക്ഷൻ സ്റ്റൗ തുടങ്ങിയ ഉപകരണങ്ങൾ, സ്റ്റീം ബാത്ത് ചേമ്പർ, അവഗാഹ ടബ്, ശിരോവസ്തി കാപ്, ശിരോധാര സ്റ്റാന്റ്, കടക്കോൽ മുതലായ ആയുർവേദ ചികിത്സോബാധികൾ എന്നിങ്ങനെ 34 ഓളം വരുന്ന സാമഗ്രികളാണ് വാങ്ങാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇവയെല്ലാം ഉൾപ്പെടുന്ന ഒരു ടെണ്ടർ നൽകുകയും ചെയ്തു. (22.11.17 ലെ എ3/9500/17 നമ്പർ ടെണ്ടർ നോട്ടീസ് പ്രകാരം)

സർക്കാർ ഉത്തരവ് (പി) നം.3/2013/SPD, dated 21.06.2013 പ്രകാരമുള്ള കേരള സ്റ്റോർ പർച്ചേസ് മാന്വവൽ 2013 ലെ ഖണ്ഡിക 7.33 (ii) പ്രകാരം വാങ്ങുന്ന സാധനങ്ങൾ മേൽ ഉത്തരവിന്റെ അനക്സർ 4ൽ വിവരിക്കുന്ന രീതിയിൽ കൃത്യമായി പ്രത്യേകതരങ്ങളായി തിരിച്ച് (വിവിധ ട്രേഡ് ഗ്രൂപ്പുകളായി)ഓരോ തരത്തിനും പ്രത്യേകം ടെണ്ടർ നൽകണം. ഈ ഖണ്ഡികയുടെ ഉപഖണ്ഡിക (എ) പ്രകാരം ഒരു ടെണ്ടറിൽ വിവിധ തരത്തിലുള്ള ഒട്ടേറെ സാധനങ്ങൾ ഉൾപ്പെടെരുതെന്നും, വാങ്ങൽ നടപടി വലുതാണെങ്കിൽ ടെണ്ടർ നോട്ടീസിൽ ഒന്നോ, അല്ലെങ്കിൽ ഒരു തരത്തിലുള്ള ഇനങ്ങൾ മാത്രം ഉൾപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. എന്നാൽ മെഡിക്കൽ ഓഫീസർ ഇത്തരത്തിൽ വിവിധയിനത്തിൽപെടുന്ന സാമഗ്രികൾക്കായി ഒറ്റ ടെണ്ടറാണ് ക്ഷണിച്ചത്. ഏഴ് സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തെങ്കിലും, രണ്ടു സ്ഥാപനങ്ങൾ മാത്രമാണ് എല്ലായിനങ്ങൾക്കും നിരക്ക് രേഖപ്പെടുത്തിയത്. 16.12.2017 ലെ ഭരണസമിതി തീരുമാനം 4/4(1) പ്രകാരം ഇതിൽ കുറവ് നിരക്ക് ക്വാട്ട് ചെയ്ത കൊച്ചിൻ സർജ്ജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങാൻ തീരുമാനിക്കുകയും, തുടർന്ന് സാധനങ്ങൾ വാങ്ങുകയും ചെയ്തു. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത നിരക്കുകൾ താരതമ്യപ്പെടുത്തി കമ്പാരിറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയതായി കാണുന്നില്ല. എല്ലാ സാധനത്തിനും നിരക്ക് ക്വാട്ട് ചെയ്ത സിഡ്കോ, കൊച്ചിൻ സർജ്ജിക്കൽസ് എന്നീ സ്ഥാപനങ്ങളുടെ നിരക്കുകൾ പോലും താരതമ്യപ്പെടുത്താതെയാണ് മുഴുവൻ സാധനങ്ങളും ഒരു സ്ഥാപനത്തിൽ നിന്നും വാങ്ങിയത്. ഉദാഹരണമായി, അവഗാഹ ടബിന് സിഡ്കോ രേഖപ്പെടുത്തിയ നിരക്ക് 11,760 രൂപയും, കൊച്ചിൻ സർജ്ജിക്കൽസ് രേഖപ്പെടുത്തിയ നിരക്ക് 16,500 രൂപയുമാണ്. ഇതേ രീതിയിൽ ശിരോവസ്തി കാപിന് സിഡ്കോ, കൊച്ചിൻ സർജ്ജിക്കൽസ് എന്നിവർ രേഖപ്പെടുത്തിയ നിരക്കുകൾ യഥാക്രമം 1,456/-, 3,000/- രൂപയാണ്. ഈയിനങ്ങൾക്ക് സിഡ്കോയാണ് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയതെങ്കിലും സാമഗ്രികൾ വാങ്ങിയത് കൊച്ചിൻ സർജ്ജിക്കൽസിൽ നിന്നാണ്.

34 സാധനങ്ങൾക്ക് ടെണ്ടർ ക്ഷണിക്കുകയും, മേൽ പറഞ്ഞ സ്ഥാപനങ്ങൾ നിരക്ക് ക്വാട്ട് ചെയ്യുകയും ചെയ്തെങ്കിലും, ചികിത്സോബാധികളായ സ്റ്റീം ബാത്ത് ചേമ്പർ, സെർവൈക്കൽ ട്രാക്ഷൻ, പെൽവിക് ട്രാക്ഷൻ എന്നിവ ഒഴിവാക്കിയാണ് സപ്ലൈ ഓർഡർ നൽകിയതും, സാധനങ്ങൾ വാങ്ങിയതും. ഇത്തരത്തിൽ ആവശ്യമായ സാധനങ്ങൾ ഒഴിവാക്കാനുണ്ടായ സാഹചര്യവും ഫയലിൽ വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടി, നവംബർ മാസത്തിലാണ് പദ്ധതി തയ്യാറാക്കാൻ പഞ്ചായത്തിൽ നിന്ന് നിർദ്ദേശിച്ചതെന്നും, ഇതു പ്രകാരം തയ്യാറാക്കിയ പദ്ധതിയ്ക്ക് വകയിരുത്തിയ ലോകബാങ്ക് സഹായ തുക ഡിസംബർ 31 ന് ലാപ്സാകുന്ന സാഹചര്യം ഉണ്ടാകുമെന്നതിനാൽ തിരക്കിട്ട് വാങ്ങൽ നടത്തിയതാണ് അപാകതയ്ക്ക് കാരണമായതുമെന്നുമാണ്. ഏതു സാഹചര്യത്തിലും സർക്കാർ നിർദ്ദേശ പ്രകാരം സമാഹരണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ആയുർവേദ ആശുപത്രിയിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ

നിർവ്വഹണം : മെഡിക്കൽ ഓഫീസർ (ആയുർവേദം)

അടങ്കൽ :83,006/-

ചെലവ് : 83,006/- (ബിൽ നമ്പർ : 3/17-19/27.1.2018)

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്റ്റിൽ ആശുപത്രിയിലേയ്ക്കാവശ്യമായ മെഡിക്കൽ ഉപകരണങ്ങളാണ് വാങ്ങിയിരിക്കുന്നത്. 39 ഓളം ഇനങ്ങളടങ്ങിയ ടെണ്ടർ ഷെഡ്യൂളിൽ രണ്ടെണ്ണം ഒഴികെ(അഞ്ജന ശലാക(വെള്ളി), അവഗാഹ ടബ്)

ബാക്കിയുള്ളവ സാധാരണയായി എല്ലാ മെഡിക്കൽ പ്രാക്ടീഷണർമാരും(ആയുർവേദം, അലോപ്പതി വ്യത്യാസമില്ലാതെ) ഉപയോഗിക്കുന്ന പൊതുവായ ഉപകരണങ്ങളാണ്. ഉദാഹരണമായി, ബി.പി.അപ്പാരറ്റസ്, സ്റ്റെതസ്കോപ്പ്, തെർമോമീറ്റർ, ഓഫ്താൽമോസ്കോപ്പ്, ഓട്ടോസ്കോപ്പ് എന്നിവ. ഈയിനങ്ങൾക്കെല്ലാം കൂടി ഒരൊറ്റ ടെണ്ടറാണ് നൽകിയത്. ( 03.10.2017ലെ എ3/2040(3)/17നമ്പർ ടെണ്ടർ പരസ്യം) ഇതിൽ ഒരു സ്ഥാപനം മാത്രം ടെണ്ടറിൽ പങ്കെടുത്തു. 30.10.2017 ലെ ഭരണസമിതിയുടെ 3/3(7) തീരുമാനത്തിൽ, ഈ മേഖലയിലെ വിതരണക്കാർ കുറവു കാരണം കൂടുതൽ ടെണ്ടറുകൾ ലഭിച്ചില്ലയെന്നും, അതിനാൽ പങ്കെടുത്ത സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങാൻ തീരുമാനിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ ആയുർവേദ ചികിത്സക്ക് ഉപയോഗിക്കുന്ന അജ്ഞന ശലാക(വെള്ളി), അവഗാഹ ടബ് എന്നിവയ്ക്കാണ് വിതരണക്കാർ കുറവുള്ളത്. എന്നാൽ ഇവയടക്കം മുഴുവൻ ഇനങ്ങളും ഉൾപ്പെടുത്തി ടെണ്ടർ നടത്തിയതിനാലാണ് കൂടുതൽ സ്ഥാപനങ്ങൾ പങ്കെടുക്കാതിരുന്നത്. സാധനങ്ങൾ വാങ്ങിയ കൊച്ചിൻ സർജ്ജിക്കൽസ് , കോഴിക്കോട് എന്ന സ്ഥാപനം അജ്ഞന ശലാകത്തിന് നിരക്ക് ക്വാട്ട് ചെയ്യുകയും, ഇതു വാങ്ങാൻ മെഡിക്കൽ ഓഫീസർ ശുപാർശ ചെയ്യുകയും, ഭരണസമിതി അംഗീകരിക്കുകയും ചെയ്തെങ്കിലും, സ്ഥാപനത്തിനു നൽകിയ സപ്ലൈ ഓർഡറിൽ ഈയിനം സപ്ലൈ ചെയ്യാൻ ആവശ്യപ്പെട്ടില്ല. ടെണ്ടർ ചെയ്ത 39 ഇനങ്ങളിൽ 37 ഇനങ്ങൾക്കാണ് ഓർഡർ നൽകിയത്. ഇത്തരത്തിൽ പൊതുവായ ക്ലിനിക്കൽ ഉപകരണങ്ങൾ വാങ്ങാനാണ് പ്രോജക്ട് വിഭാവനം ചെയ്തതെങ്കിൽ, ഇവയ്ക്ക് മാത്രമായി ടെണ്ടർ ക്ഷണിച്ചാൽ കൂടുതൽ സ്ഥാപനങ്ങൾ പങ്കെടുക്കുമായിരുന്നെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കും വിധം മത്സരാധിഷ്ഠിതമായ യാതൊരു വില താരതമ്യവും ഈ വിഷയത്തിൽ നടന്നിട്ടില്ല. ഇത്തരത്തിൽ സാധനങ്ങൾ വാങ്ങാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ മെഡിക്കൽ ഓഫീസർ വിശദീകരിച്ചത് താഴെ ചേർക്കും വിധമാണ്, "ടെണ്ടർ നൽകിയ സാധനങ്ങളിൽ ഇ.എൻ.ടി., ഒഫ്താൽമോളജി ഉപകരണങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളാണ് കുറവെന്നും, സ്ഥാപനം ക്വാട്ട് ചെയ്ത അഞ്ജന ശലാക സ്വർണ്ണപണിക്കാരെ കൊണ്ട് നിർമ്മിച്ച് ലഭ്യമാക്കേണ്ടതായതു കൊണ്ട് ആയത് സപ്ലൈ ചെയ്യാൻ സാധിക്കില്ലെന്ന് സ്ഥാപനം അറിയിച്ചതു കൊണ്ടും, അവഗാഹ ടബിന്റെ വില കൂടുതലായതു കൊണ്ടും ഇവ രണ്ടും ഒഴിവാക്കുകയായിരുന്നെന്നു"മാണ്. ഡീലർമാർ കുറവുള്ള സാധനങ്ങൾ ഉൾപ്പെടുത്തി ഒറ്റ ടെണ്ടർ നടത്തിയത് അംഗീകരിക്കാവുന്നതല്ല. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-4 പഞ്ചായത്തിലെ വാങ്ങൽ നടപടിയിലെ പൊതു അപാകതകൾ

തദ്ദേശ സ്ഥാപനങ്ങളിലെ എല്ലാ സാധനങ്ങളുടെയും, സേവനങ്ങളുടെയും വാങ്ങൽ 8.11.2010 മുതൽ സർക്കാർ ഉത്തരവ് (പി) 259 / 2010 / ത.സ്വ.ഭ.വ. അനുസരിച്ചായിരിക്കേണ്ടതാണ്. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് വിവിധ തരത്തിലുള്ള വാങ്ങലുകൾ ഓരോ വർഷവും നടത്തേണ്ടതായി വരും. അവ പദ്ധതി തയ്യാറാക്കുമ്പോൾ തന്നെ തയ്യാറാക്കുകയും, ആയതിനനുസരിച്ച് പ്രൊക്യൂർമെന്റ് പദ്ധതി (പ്രൊക്യൂർമെന്റ് പ്ലാൻ)തയ്യാറാക്കുകയും വേണം. ഫലപ്രദമായ ബജറ്റ് നടപ്പാക്കലിനും, കാര്യക്ഷമമായ ധനവിനിയോഗം ഉറപ്പാക്കുന്നതിനും പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറേക്കേണ്ടത് അനിവാര്യമാണ്. സ്ഥാപനത്തിൽ ഇതിനായി ടെക്നിക്കൽ ടീം, പ്രൊക്യൂർമെന്റ് ടീം, പ്രൊക്യൂർമെന്റ് കമ്മിറ്റി, സോഷ്യൽ ഓഡിറ്റ് കമ്മിറ്റി എന്നിവ രൂപീകരിക്കേണ്ടതുണ്ട്. ടെക്നിക്കൽ ടീം(വർക്കിംഗ് ഗ്രൂപ്പ്) ആണ് സാധനങ്ങളുടെ ആവശ്യകതയും, സ്പെസിഫിക്കേഷനും അടക്കം പ്രഥമികകാര്യങ്ങൾ തീരുമാനിക്കേണ്ടതെങ്കിൽ, ഇവ കൃത്യമായി പ്രൊക്യൂർമെന്റ് കമ്മിറ്റി മുമ്പാകെ കൊണ്ടുവരേണ്ടതും, മാർഗ്ഗരേഖയ്ക്കനുസരിച്ച് നടപടിക്രമങ്ങൾ ഉറപ്പുവരുത്തേണ്ടതും പ്രൊക്യൂർമെന്റ് ടീം ആണ്. ഇവർ സമർപ്പിക്കുന്ന പർച്ചേസ് പ്രൊപ്പോസലുകൾ സ്ക്രൂട്ടിനൈസ് ചെയ്യേണ്ടതും, ഇവയ്ക്ക് അംഗീകാരം നൽകേണ്ടതും പ്രൊക്യൂർമെന്റ് കമ്മിറ്റിയാണ്. സാധന സേവന പ്രൊക്യൂർമെന്റ് നടത്തുമ്പോൾ പൊതുപണം ശരിയായ രീതിയിൽ വിനിയോഗിക്കുന്നുവെന്നും, സുതാര്യത നിലനിർത്തി നല്ല പ്രവർത്തനം തദ്ദേശസ്ഥാപനം കാഴ്ചവെയ്ക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് പൊതുജനങ്ങൾ ഉൾപ്പെടുന്ന സോഷ്യൽ ഓഡിറ്റ് കമ്മിറ്റി വിഭാവനം ചെയ്യുണം. ഗുണഭോക്താക്കളിൽ സേവനങ്ങളെ കുറിച്ച് ഉദ്ബോധനം നടത്തേണ്ടതും, പ്രൊക്യൂർമെന്റ് നടപടികളിൽ സുതാര്യത പാലിച്ചുവെന്നും, ഗുണനിലവാരം, കാര്യക്ഷമത എന്നിവ വാങ്ങലിൽ പാലിച്ചുവെന്നും ഉറപ്പാക്കേണ്ടത് ഈ കമ്മിറ്റിയാണ്. വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയംഗങ്ങൾ ആവശ്യകത

തിരിച്ചറിയുന്നതിനും, മുൻഗണന നിശ്ചയിക്കുന്നതിലും പങ്കാളിയാവണം. പ്രൊക്യൂർമെന്റ്, ടെണ്ടർ ഓപ്പനിംഗ്, വിലയിരുത്തൽ എന്നിവ മോണിറ്റർ ചെയ്യേണ്ടതും ഈ കമ്മിറ്റിയാണ്. സാമ്പത്തിക വർഷാവസാനം സോഷ്യൽ ഓഡിറ്റ് കമ്മിറ്റി സമാഹൃത റിപ്പോർട്ട് ഗ്രാമസഭയിൽ വയ്ക്കേണ്ടതും, നിർവ്വഹണ ഉദ്യോഗസ്ഥർ സംശയദൂരീകരണം വരുത്തുകയും വേണം. എന്നാൽ പനങ്ങാട് പഞ്ചായത്തിലെ ഈ പ്രൊക്യൂർമെന്റ് ഘടകങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്നതാണ് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തിയ വാങ്ങൽ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

- മേൽ ഉത്തരവിൽ നിർദ്ദേശിക്കും പ്രകാരം ഒരു പ്രൊക്യൂർമെന്റ് സൈക്കിളിലെ ആദ്യ ഘടകം ആവശ്യം തിരിച്ചറിയലും, സ്പെസിഫിക്കേഷൻ ഉണ്ടാക്കലുമാണ്. ഒരേയിനം സാധനസാമഗ്രികൾ വിവിധ നിർവ്വഹണോദ്യോഗസ്ഥർ വാങ്ങുന്ന സംഗതിയിൽ തദ്ദേശസ്ഥാപനത്തിന്റെ ആകെ ആവശ്യകത കണക്കാക്കി ഒറ്റ വാങ്ങൽ നടപടിയാണ് നടത്തേണ്ടിയിരുന്നത്. 2013 ലെ കേരള സ്റ്റോർ പർച്ചേസ് മാന്വവൽ ഖണ്ഡിക 7.33.ii(c) പ്രകാരം ഒരു സ്ഥാപനത്തിന്റെ വിവിധ വിഭാഗങ്ങളിലേയ്ക്ക് വേറെ വേറെ ടെൻണ്ടർ നടപടി സ്വീകരിക്കാതെ ആകെ ആവശ്യമുള്ള സാമഗ്രികളുടെ എണ്ണം തിട്ടപ്പെടുത്തി ഒറ്റ വാങ്ങൽ നടപടി നടത്തിയാൽ മതി. എന്നാൽ 2017-18 കാലയളവിൽ പഞ്ചായത്തിൽ നടത്തിയ വാങ്ങലുകളിൽ ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി നടപ്പാക്കിയ വിവിധ പദ്ധതികളിൽ ഒരേയിനം സാധനങ്ങളാണ് വാങ്ങിയിരിക്കുന്നത്. ഉദാഹരണമായി, പ്രോജക്ട് നമ്പർ 117/18, 212/18, 213/18, 194/18 എന്നിവയിലൂടെ പഞ്ചായത്തിലേക്കും, ഘടകസ്ഥാപനങ്ങളിലേക്കും ആവശ്യമായ കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയാണ് വാങ്ങിയിട്ടുള്ളത്. ഇവയ്ക്കെല്ലാം പ്രത്യേകം വാങ്ങൽ നടപടി സ്വീകരിക്കുകയും, വിവിധ സ്ഥാപനങ്ങളിൽ നിന്നായി വാങ്ങുകയും ചെയ്തു. ഇത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ആയുർവേദ മെഡിക്കൽ ഓഫീസർ നടത്തിയ വാങ്ങലിലും ഇതേയിനം കമ്പ്യൂട്ടർ ഉൾപ്പെട്ടിട്ടുണ്ട്. ഇത് മറ്റൊരു പദ്ധതിയിലൂടെയാണ് വാങ്ങിയത്.
- മുകളിൽ വിവരിച്ച രീതിയിൽ പല പദ്ധതികളിലായി പർച്ചേസ് നടത്തിയപ്പോൾ ചിലതിൽ ടെണ്ടറും ചിലതിൽ ക്വട്ടേഷൻ നടപടിയുമാണ് നടത്തിയിട്ടുള്ളത്. ഉദാഹരണമായി, പ്രോ.നം. 213/18 ൽ പഞ്ചായത്ത് ഘടക സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ടെണ്ടർ നടത്തിയപ്പോൾ, പ്രോ.നം.212/18 ൽ ഫ്രണ്ട് ഓഫീസ് ആധുനികവത്കരണത്തിനായി കമ്പ്യൂട്ടർ വാങ്ങിയത് ക്വട്ടേഷൻ നടപടിയിലൂടെയാണ്. ഈ രണ്ടു പദ്ധതിയിലും വാങ്ങിയത് ഒരേ കമ്പനിയുടെ ഒരേ സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറുകളാണ്. ടെണ്ടർ നടപടികൾ ഒഴിവാക്കി വാങ്ങൽ പ്രക്രിയ വിഭജിച്ച് നടത്തുന്നതും സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.
- മുകളിൽ വിവരിച്ച രണ്ടു പദ്ധതിയിലും വാങ്ങിയത് ഒരേ കമ്പനിയുടെ ഒരേ സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറുകളാണ്. എന്നാൽ ഇവ വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത നിരക്കിലാണ് വാങ്ങിയത്. വാങ്ങൽ ഒരൊറ്റ യൂണിറ്റായി നടത്തിയിരുന്നെങ്കിൽ ഈ വ്യത്യാസം ഒഴിവാക്കാമായിരുന്നു.
- പഞ്ചായത്തിൽ നടത്തിയ വിവിധ പർച്ചേസ് ഫയലുകൾ പരിശോധിച്ചതിൽ, ടെണ്ടർനപടികൾ നടത്തിയശേഷം ടെണ്ടറിൽ നൽകിയ സ്പെസിഫിക്കേഷനിൽ നിന്നും വ്യത്യസ്തമായ പർച്ചേസ് നടത്തുന്നതായി ശ്രദ്ധയിൽപെട്ടു. സെക്രട്ടറി നടപ്പാക്കിയ പ്രോജക്ട് നമ്പർ 100/18 ഗ്രാമദീപം എന്ന പദ്ധതിയ്ക്കായി ടെണ്ടർ നടത്തിയപ്പോൾ 15, 22വാട്ട്സ് ബൾബുകളുടെ നിരക്കും, ഇതിനായുള്ള ലൈറ്റ് പോളും, വയറും ആണ് ആവശ്യപ്പെട്ടത്. ഇതിൽ ഒമ്പത് സ്ഥാപനങ്ങൾ പങ്കെടുത്തു. എല്ലാ സ്ഥാപനങ്ങളും ടെണ്ടറിൽ ആവശ്യപ്പെട്ട പ്രകാരമുള്ള ബൾബുകളുടെ നിരക്കുകൾ ക്വാട്ട് ചെയ്തെങ്കിലും, ഒരു സ്ഥാപനം ഇതിൽ ഉൾപ്പെടാത്ത മറ്റൊരു ഇനത്തിന്റെ നിരക്കു കൂടി ക്വാട്ട് ചെയ്തിരുന്നു(കെ.എസ്.ഇ.ബി.യുടെ പഴയ മോഡൽ അലുമിനിയം ഷേഡ് ഉള്ളത് 15,18 വാട്ട്സ് ബൾബുകൾ). പ്രസ്തുത ഇനമാണ് കൂടുതൽ ഉപയോഗപ്രദവും, പ്രവർത്തനക്ഷമതയുള്ളതും എന്നു വിലയിരുത്തി പ്രൊക്യൂർമെന്റ് കമ്മിറ്റി ഇതു വാങ്ങാൻ തീരുമാനിച്ചു. ഇതു പ്രകാരം പ്രസ്തുത സ്ഥാപനത്തിൽ നിന്നു 18 വാട്ട്സ് ബൾബ് പർച്ചേസ് നടത്തി. എന്നാൽ ഈയിനത്തിന് ഒരു സ്ഥാപനം മാത്രം നിരക്ക് ക്വാട്ട് ചെയ്തിരുന്നുവെന്നതിനാൽ, പങ്കെടുത്ത മറ്റു സ്ഥാപനങ്ങളോട് ഇതിന്റെ വിലയെ സംബന്ധിച്ച് ആരാഞ്ഞിട്ടില്ല. അതുകൊണ്ടു തന്നെ ടെണ്ടർ നടപടിയിൽ ഉറപ്പാക്കേണ്ട വില താരതമ്യപ്പെടുത്തൽ ഇവിടെ നടന്നില്ല.

- ടെണ്ടർ നടപടികൾ നടത്തി സ്ഥാപനത്തെ തെരെഞ്ഞെടുത്ത് സപ്ലൈ ഓർഡർ നൽകിയ ശേഷം സപ്ലൈ ഓർഡറിൽ നിന്നും വ്യത്യസ്തമായ കമ്പനിയുടെ സാധനങ്ങൾ വിതരണം നടത്തുന്നതായും, ഇവ യാതൊരു പരിശോധനയും നടത്താതെ സ്വീകരിച്ച് സ്റ്റോക്കിലെടുക്കുകയും ചെയ്യുന്നു. ഉദാഹരണമായി, സെക്രട്ടറി നടപ്പാക്കിയ സ്മാർട്ട് ലൈബ്രറി, ഹെഡ്മാസ്റ്റർ നടപ്പാക്കിയ ലാപ്ടോപ് വിതരണം എന്നീ പദ്ധതിയിലും സപ്ലൈ ഓർഡറിൽ ഏസർ കമ്പനിയുടെ കമ്പ്യൂട്ടറുകൾ വിതരണം ചെയ്യാനാണ് ആവശ്യപ്പെട്ടതെങ്കിലും, വിതരണം ചെയ്തത് ലെനോവയുടെ കമ്പ്യൂട്ടറുകളാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും (നം.19/17-18 തി: 22.12.2018)മറുപടി ലഭിച്ചില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ സമാഹരണ പ്രക്രിയ നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-5 കശുമാവ് കൃഷി- വിഭാവനം ചെയ്തതിൽ നിന്ന് വ്യതിചലിച്ച് നിർവ്വഹണം നടത്തി

2017-18 വർഷത്തിൽ കൃഷി ഓഫീസർ നടപ്പാക്കിയ കശുമാവ് കൃഷി എന്ന പ്രോജക്ടിൽ ( നം.170/18) പഞ്ചായത്തിനെ തരിശു രഹിതമാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സർവ്വെ നടത്തി കണ്ടെത്തുന്ന തരിശു ഭൂമിയിൽ നടുന്നതിനാവശ്യമായ ഗ്രാഫ്റ്റുകൾ പഞ്ചായത്ത് വാങ്ങി സൌജന്യമായി വിതരണം ചെയ്യുകയും, ഇവ തൊഴിലുറപ്പ് പദ്ധതിയിലൂടെ നടുകയും, ചുറ്റുവേലി കെട്ടി സംരക്ഷിക്കുകയും ചെയ്യുക. ഇതിനായി 1,00,000/- രൂപ വകയിരുത്തുകയും(വികസനഫണ്ട് ജനറൽ) ബിൽ നമ്പർ 2/17-18/24.10.2018 ലൂടെ പ്രസ്തുത തുകയ്ക്കുള്ള കശുമാവ് തൈകൾ വാങ്ങുകയും ചെയ്തു. എന്നാൽ തുടർന്നുള്ള പദ്ധതി നിർവ്വഹണഘട്ടത്തിൽ ഈ തൈകൾ/ ഗ്രാഫ്റ്റുകൾ വ്യക്തികൾക്ക് വിതരണം ചെയ്യുകയാണ് ചെയ്തിരിക്കുന്നത്. പദ്ധതിയിൽ വിഭാവനം ചെയ്ത രീതിയിൽ തരിശു ഭൂമികൾ കണ്ടെത്തിയതായോ, ഇതിനായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹായം ഉപയോഗപ്പെടുത്തുകയോ ചെയ്തതായി കാണുന്നില്ല. വിതരണം ചെയ്ത ഗ്രാഫ്റ്റുകൾ വ്യക്തികൾ നട്ടു പരിപാലിച്ചിട്ടുണ്ടോയെന്നും, പദ്ധതിയിൽ വിഭാവനം ചെയ്ത രീതിയിൽ തരിശു രഹിതമാക്കാനുള്ള ഉദ്യമം എത്രത്തോളം വിജയിച്ചു എന്നതു സംബന്ധിച്ചോ യാതൊരു മോണിറ്ററിംഗം നടന്നിട്ടില്ല. കൃഷി വർക്കിംഗ് ഗ്രൂപ്പിന്റെ മിനുറ്റ്സ് പരിശോധിച്ചതിൽ പദ്ധതി രൂപീകരണ വേളയിൽ ഈ പദ്ധതിയെ കുറിച്ചും, ഇതിന്റെ നിർവ്വഹണരീതിയെ സംബന്ധിച്ചും ചർച്ചകൾ നടന്നതല്ലാതെ പദ്ധതി നിർവ്വഹണ വേളയിൽ യാതൊരു ഇടപെടലും നടന്നിട്ടില്ല. വിഭാവനം ചെയ്ത പദ്ധതിയിൽ നിന്നും വ്യതിചലിച്ച് നിർവ്വഹണം നടത്തിയതിന് വിശദീകരണം ആവശ്യപ്പട്ടെങ്കിലും(20/17-18,തിയ്യതി:22.12.2018) മറുപടി ലഭിച്ചില്ല. പദ്ധതികൾ വിഭാവനം ചെയ്തതിനു വിരുദ്ധമായി നടപ്പാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-6 തെരുവു വിളക്ക് റിപ്പയർ/ സ്ഥാപിക്കൽ - പദ്ധതികളുടെ നടത്തിപ്പിലെ അപാകതകൾ

ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

| പദ്ധതിയുടെ പേര്, നമ്പർ | തെരുവു വിളക്ക് റിപ്പയർ( പ്രോ.നം.91/18) | തെരുവു വിളക്ക് സ്ഥാപിക്കൽ ( പ്രോ.നം.95/18) |
|---|---|---|
| അടങ്കൽ | 4,00,000/- | 4,00,000/- |
| ഫണ്ടിനം | തനതുഫണ്ട് | തനതുഫണ്ട് |
| ചെലവ് | 86,000/- | -- |

മേൽ പദ്ധതികളുടെ നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു,

- തെരുവ് വിളക്ക് റിപ്പയർ പദ്ധതിയുടെ ടെണ്ടർ നടപടികളിൽ നൽകിയ സ്പെസിഫിക്കേഷൻ ഫയലിൽ ലഭ്യമല്ല. എത്ര വാട്ടിന്റെ ബൾബുകളാണ് ഉദ്ദേശിച്ചിരുന്നെന്ന് വ്യക്തമല്ല. പങ്കെടുത്ത വ്യക്തികൾ/ സ്ഥാപനങ്ങൾ വിവിധ രീതിയിലാണ് നിരക്കുകൾ ക്വാട്ട് ചെയ്തിരിക്കുന്നത്. ചിലർ 11, 15 വാട്ട്സുകളിലുള്ള വിളക്കുകളുടെ നിരക്ക് രേഖപ്പെടുത്തിയെങ്കിൽ മറ്റു ചിലർ വാട്ട്സ് രേഖപ്പെടുത്താതെ വിലമാത്രമാണ് രേഖപ്പടുത്തിയത്. ഇതിൽ വിലമാത്രം രേഖപ്പടുത്തിയ ഒരു സ്ഥാപനത്തെയാണ് വിതരണത്തിനായി തെരഞ്ഞെടുത്തത്.
- രണ്ടു പദ്ധതികളിലും 'നാറ്റ് അസോസിയേറ്റ്സ്, ഉള്ള്യേരി' എന്ന സ്ഥാപനത്തെയാണ് വിതരണക്കാരായി തെരഞ്ഞെടുത്തത്. റിപ്പയർ പ്രവർത്തിക്കായി ഈ സ്ഥാപനവുമായി കരാർ ചമച്ചിട്ടുണ്ടെങ്കിലും ഇവരിൽ നിന്ന് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല. തദ്ദേശ സ്വയം ഭരണ(ഡി.എ)വകുപ്പിന്റെ 15.09.2011 ലെ സർക്കുലർ നം. 3055/ഡി.എ3/2011/ത.സ്വ.ഭ.വ. യിലെ ഖണ്ഡിക 2 (ഇ) പ്രകാരം ടെണ്ടർ നടപടിയിലൂടെ കരാർ ലഭിക്കുന്നയാൾ കരാർ തുകയുടെ പത്തു ശതമാനം സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി നൽകേണ്ടതാണ്. ഈ സ്ഥാപനത്തിന്റെ ഇ.എം.ഡി.യായി സമർപ്പിച്ച 10,000 രൂപയുടെ വിവരം ഫയലിലുണ്ട്(രസീതിന്റെ കോപ്പി). ഈ സ്ഥാപനത്തിന് തൻവർഷം 86,000 രൂപ അനുവദിച്ചു. ഇതിൽ 8,600 രൂപ റീട്ടെൻഷനായി പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്. വിവിധ വാർഡുകളിലായി നിരവധി തെരുവു വിളക്കുകൾ സ്ഥാപനം റിപ്പയർ ചെയ്ത് സ്ഥാപിച്ചിട്ടുണ്ടെന്ന് വിവിധ വാർഡു മെമ്പർമാർ സാക്ഷ്യപ്പടുത്തിയിട്ടുണ്ടെങ്കിലും, പിന്നീട് പ്രസ്തുത സ്ഥാപനത്തിന് പണം നൽകിയിട്ടില്ല. ഈ പദ്ധതിയാകട്ടെ തുടർവർഷത്തേയ്ക്ക് സ്പിൽഓവറായി വെച്ചിട്ടുമില്ല.
- രണ്ടാമത്തെ പദ്ധതിക്കായി ഇതേ സ്ഥാപനത്തെ തെരഞ്ഞെടുത്ത് സപ്ലൈ ഓർഡർ നൽകിയെങ്കിലും( 4.1.2018 ന് 15 ദിവസത്തിനകം സപ്ലൈയും, ഇൻസ്റ്റലേഷനും പൂർത്തിയാക്കാൻ നിർദ്ദേശിച്ചു കൊണ്ട് കത്തയച്ചുവെങ്കിലും) നാളിതു വരെയായിട്ടും ഒരു പ്രവർത്തനവും നടന്നില്ല. സ്ഥാപനവുമായി പിന്നീട് ബന്ധപ്പട്ടതിന്റെ വിശദാംശങ്ങളൊന്നും ഫയലിൽ ലഭ്യമല്ല.

കൃത്യമായ സ്പെസിഫിക്കേഷനില്ലാതെ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെ സാഹചര്യവും, നിലവിൽ മേൽ പദ്ധതികളുടെ അവസ്ഥയും വിശദീകരിക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (6/17-18 തിയ്യതി : 20/12.2018)നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. പഞ്ചായത്തിന്റെ 2018-19 വർഷത്തെ അംഗീകരിച്ച പദ്ധതികൾ പരിശോധിച്ചതിൽ തെരുവു വിളക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 8,90,000 രൂപയുടെ അടങ്കലിൽ(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച്) പുതിയ പദ്ധതി നം. 11/19 തയ്യാറാക്കിയതായി കാണുന്നു. സർക്കാർ ഉത്തരവ് (എം.എസ്.)72/2017/ത.സ്വ.ഭ.വ., തിയ്യതി 29.03.2017 ലെ ഖണ്ഡിക 11.1.6 പ്രകാരം വിഭവ സ്രോതസ്സിൽ തനതുഫണ്ട് രേഖപ്പടുത്തി ജില്ലാ ആസൂത്രണ സമിതി അംഗീകാരം വാങ്ങിയ പ്രോജക്കുകളിൽ യാതൊരു കാരണവശാലും വിഭവ സ്രോതസ്സ് മാറ്റാൻ പാടില്ല എന്നു നിഷ്കർഷിക്കുന്നു. 2017-18 തെരുവുവിളക്ക് പരിപാലനവുമായി ബന്ധപ്പട്ട് തയ്യാറാക്കിയ പ്രോജക്കുകൾ രണ്ടിലും വിഭവസ്രോതസ്സ് തനതുഫണ്ടാണ്. പ്രസ്തുത പദ്ധതികളിൽ ഒരെണ്ണം നടപ്പാക്കാതെയും, മറ്റേത് പ്രാരംഭഘട്ടത്തിലും മാത്രമാണുള്ളത്. രണ്ടു പദ്ധതികളിലും പദ്ധതി പരാജയത്തിന് കാരണക്കാരായ സ്ഥാപനത്തിനെതിരെ നടപടികളൊന്നുമെടുക്കാതെ തുടർ വർഷത്തിൽ ഫണ്ടിനം മാറ്റി പുതിയ പദ്ധതി വിഭാവനം ചെയ്തത് ശരിയായ നടപടിയല്ല. നിലവിൽ കരാറെടുത്ത സ്ഥാപനത്തിന്റെ ഇ.എം.ഡി., റീട്ടെൻഷൻ എന്നീയിനങ്ങളിലുള്ള തുക കണ്ടുകെട്ടി പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതും, യഥാർത്ഥത്തിൽ കരാറിനൊപ്പം വയ്ക്കേണ്ടിയിരുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കാതിരുന്നതിനാൽ ഉണ്ടായ നഷ്ടം ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നു ഈടാക്കേണ്ടതുമാണ്.

## 3-7 മൃഗസംരക്ഷണപദ്ധതി തുക കൈമാറിയത് സംബന്ധിച്ച്

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള പോത്തുകുട്ടി വളർത്തൽ, ആടു ഗ്രാമം, പശു ഗ്രാമം എന്നീ പദ്ധതികളിൽ വിവിധ ഗുണഭോക്താക്കൾക്ക് പശു,ആട്,പോത്തുകുട്ടി എന്നിവയെ വാങ്ങി നൽകുന്നതിന് പഞ്ചായത്ത് സബ്സിഡി നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ പാല്, ഇറച്ചി എന്നിവയുടെ ലഭ്യത വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പശു,ആട്,പോത്തു കുട്ടി എന്നിവയെ

ഗുണഭോക്താക്കൾക്ക് നൽകിയ ആളിന്റെ അക്കൗണ്ടിലേയ്ക്കാണ് സബ്സിഡി തുക നൽകിയിട്ടുള്ളത് . രേഖകൾ പരിശോധിച്ചതിൽ ചില ഗുണഭോക്താക്കൾക്ക് പശു, ആട്, പോത്തുകുട്ടി എന്നിവയെ വിറ്റ ആളും വാങ്ങിയ ആളും ഒരേ വിലാസത്തിൽ തന്നെയുള്ളവരാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | ഗുണഭോക്താവ് | വിറ്റ ആൾ |
|---|---|---|
| എസ്.ഒ.160/18<br>പോത്തുകുട്ടി വളർത്തൽ | സുനീറ,പാലത്തുകണ്ടി, പനങ്ങാട്.പി.ഒ. | റഹീം,പാലത്തുകണ്ടി പനങ്ങാട്.പി.ഒ. |
| | റുഖിയ,തിയ്യക്കണ്ടി, പനങ്ങാട്.പി.ഒ. | മജീദ്, തിയ്യക്കണ്ടി , പനങ്ങാട്.പി.ഒ. |
| എസ്.ഒ.156/18<br>ക്ഷീര ഗ്രാമം പദ്ധതി | ദിവ്യ അരീക്കര വയൽ, കിനാലൂർ.പി.ഒ. | സുധീർ അരീക്കര വയൽ, കിനാലൂർ.പി.ഒ. |
| എസ്.ഒ.158/18<br>ആട്ടു ഗ്രാമം പദ്ധതി | ആസ്യ, പാലത്തുകണ്ടി , പനങ്ങാട്.പി.ഒ. | ജറീഷ് ,പാലത്തുകണ്ടി പനങ്ങാട്.പി.ഒ. |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-8 ഗാർഹിക മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കിയതിലെ അപാകതകൾ

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷത്തിൽ ഗാർഹിക മാലിന്യസംസ്കരണ പദ്ധതി പൂർത്തീകരണത്തിനായി 2 പദ്ധതികൾക്ക് പഞ്ചായത്ത് പണം ചെലവഴിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണത്തിനായി പഞ്ചായത്ത് വികസന സ്റ്റാന്റിങ്ങ് കമ്മറ്റി ഏറ്റെടുത്തിട്ടുള്ള അഭിനന്ദനാർഹമായ ഒരു പദ്ധതിയായിരുന്നു ഇത്. എന്നാൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | തൻ വർഷ ചെലവുതുക | റിമാർക്ക്സ് |
|---|---|---|
| ഏസ്.ഒ.68/17-18<br>ഗാർഹിക മാലിന്യസംസ്കരണ യൂണിറ്റ്-ബയോഗ്യാസ് പ്ലാന്റ്<br>TS-ടി.എസ്.എം /കെ.കെ.ഡി./ ടി എസ് -2 /1/16 തിയ്യതി-20-02-17 | 460400<br>(24400- ധനകാര്യ കമ്മീഷൻ<br>250000- ശുചിത്വ മിഷൻ<br>186000- ഗുണഭോക്തൃ വിഹിതം) | നിർവഹണ ഏജൻസിയായ I.R.T.C. പാലക്കാട് എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. |
| ഏസ്.ഒ.69/17-18 | 214000 | 200625രൂപ |

| | | |
|---|---|---|
| ഗാർഹിക കമ്പോസ്റ്റ് യൂണിറ്റ്-റിങ്ങ് കമ്പോസ്റ്റ്<br>TS-ടിഎസ്.എം/ കെ.കെ.ഡി./ ടിഎസ്-5/1/16 തിയ്യതി-23-02-17 | (200625- ശുചിത്വ മിഷൻ<br>13375- ഗുണഭോക്തൃ വിഹിതം) | നിർവഹണ ഏജൻസിയായ I.R.T.C.പാലക്കാട് എന്നസ്ഥാപനത്തിന് നൽകിയിട്ടുണ്ട്. |

2016-17 വർഷത്തിൽ ആരംഭിച്ചിട്ടുള്ള മേൽ പദ്ധതികളിൽ ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടച്ചിട്ടുള്ള 62 ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റും 107 ഗുണഭോക്താക്കൾക്ക് റിങ്ങ് കമ്പോസ്റ്റും അവരുടെ വീടുകളിൽ സ്ഥാപിച്ച നൽകുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 107 ഗുണഭോക്താക്കളിൽ 56 ഗുണഭോക്താക്കൾക്ക് മാത്രമാണ് റിങ്ങ് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചിട്ടുള്ളത്.
2. 62ഗുണഭോക്താക്കളിൽ 6ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റ് യൂണിറ്റ് സ്ഥാപിച്ചുനൽകിയിട്ടില്ല.
3. ബയോഗ്യാസ് പ്ലാന്റ് യൂണിറ്റ്, റിങ്ങ് കമ്പോസ്റ്റ് യൂണിറ്റ് എന്നിവ സ്ഥാപിക്കുമ്പോൾ സർക്കാർ നിർദ്ദേശിച്ച ഡിസൈൻ, സ്റ്റാൻഡേർഡ്, സ്പെസിഫിക്കേഷൻ ,അളവ് എന്നിവ ഉണ്ടോ എന്ന് തദ്ദേശ സ്ഥാപനത്തിലെ എഞ്ചിനീയർ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ പരിശോധന നടത്തിയിട്ടില്ല.
4. 21.03.2017 ന് നിർവഹണ ഏജൻസിയായ I.R.T.C.പാലക്കാട് എന്ന സ്ഥാപനവുമായി ഉണ്ടാക്കിയിട്ടുള്ള കരാർ പ്രകാരം ഗാർഹിക കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ച ശേഷം ഒരു വർഷത്തേയ്ക്കുള്ള തുടർസേവനം ലഭ്യമാക്കുമെന്ന് അറിയിച്ചിരുന്നു. എന്നാൽ സ്ഥാപനം സേവനങ്ങൾ ലഭ്യമാക്കിയിട്ടില്ല.
5. നിർവഹണ ഏജൻസിയായ I.R.T.C.പാലക്കാട് എന്ന സ്ഥാപനത്തിന് നൽകുന്നതിനായി പഞ്ചായത്ത് 28.03.2018 ൽ അനുവദിച്ചിട്ടുള്ള 13375 രൂപ വി.ഇ.ഒ ടി സ്ഥാപനത്തിന് നൽകുകയോ പഞ്ചായത്തിൽ തിരിച്ചടയ്ക്കുകയോ ചെയ്യാതെ ബാങ്ക് ഓഫ് ബറോഡയിലെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-9 സ്മാർട്ട് ലൈബ്രറി - പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണം : സെക്രട്ടറി

അടങ്കൽ : 1,50,000 (തനതുഫണ്ട്)

ചെലവ് : 47,831/-

മേൽ പദ്ധതി പ്രകാരം പഞ്ചായത്ത് ലൈബ്രറിയിലേയ്ക്കാവശ്യമായ കമ്പ്യൂട്ടർ, വിവിധ ഫർണീച്ചറുകൾ, ബുക്ക് ബൈൻഡിംഗ്, പോർട്ടബിൾ ടീച്ചിംഗ് വയർലെസ് ആംപ്ലിഫയർ, പ്രിന്റർ എന്നിവ വാങ്ങാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഫർണീച്ചറുകൾക്കും, ആംപ്ലിഫയറിനുമായി പ്രത്യേകം ക്വട്ടേഷൻ ക്ഷണിക്കുകയും കുറവ് നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനങ്ങളിൽ നിന്നും ഓഡിറ്റ് വർഷം തന്നെ വാങ്ങുകയും ചെയ്തു. പദ്ധതിയിലുൾപ്പെട്ട കമ്പ്യൂട്ടറിനായി ടെണ്ടർ ക്ഷണിച്ചതിന് (03.10.2017ലെ എ3/2040(3)/17)രണ്ടു സ്ഥാപനങ്ങളാണ് പങ്കെടുത്തിട്ടുള്ളത്. ടെണ്ടർ ഫോറത്തിനൊപ്പം നൽകിയ സ്പെസിഫിക്കേഷൻ ഫയലിൽ ലഭ്യമല്ല. പങ്കെടുത്ത രണ്ടു സ്ഥാപനങ്ങളും ലിനക്സ് ഓപ്പറേഷൻ സിസ്റ്റമുള്ള കമ്പ്യൂട്ടറിന്റെ വിലയാണ് കാണിച്ചിട്ടുള്ളത്. പങ്കെടുത്ത സ്ഥാപനത്തിന്റേയും, നിരക്കിന്റേയും വിശദാംശം താഴെ കൊടുക്കുന്നു.

| സ്ഥാപനം | നിരക്ക് |
|---|---|

| | |
|---|---|
| എക്സലന്റ് ഐ.ടി.വേൾഡ് (ഐ.കെ.എം സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഏസർ/ലെനോവ കമ്പ്യൂട്ടർ) | 33,500/- |
| ബിസയർ പവർ സൊല്യൂഷൻസ്(ഐ.കെ.എം സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഏസർ/ലെനോവ കമ്പ്യൂട്ടർ) | 34,890/-(1kva യു.പി.എസ്. ഉൾപ്പെടെയുള്ള വില) |

മേൽ രീതിയിൽ ബിസയർ പവർ സൊല്യൂഷൻസ് യു.പി.എസ്. ഉൾപ്പെടെയുള്ള വില ക്വാട്ട് ചെയ്തതിനാൽ സ്ഥാപനത്തോട് ഇതില്ലാതെയുള്ള നിരക്ക് അറിയിക്കാനാവശ്യപ്പെട്ട് സെക്രട്ടറി കത്തു നൽകി. ഇതിനു മറുപടി ലഭിച്ചതായി ഫയലിൽ കാണുന്നില്ല. എന്നാൽ പിന്നീട് ഈ സ്ഥാപനത്തിന് സപ്ലൈ ഓർഡർ(26.03.2018 ലെ എ-9500/17 നമ്പർ ഓർഡർ) നൽകിയതായി കാണുന്നു. 34,890/ രൂപ വിലയുള്ള ഏസർ ടെസ്ക് ടോപ് വിതരണം ചെയ്യാനാണ് ഓർഡർ നൽകിയത്. ഓഡിറ്റ് വർഷം ഇത് വിതരണം ചെയ്തില്ല. പിന്നീട് ഈ പദ്ധതി സ്പിൽ ഓവർ ആയി, 2018 സെപ്റ്റംബർ മാസത്തിലാണ് വിതരണം നടത്തിയിരിക്കുന്നത്. ഇൻവോയ്സ് പ്രകാരം വിതരണം നടത്തിയത് ലെനോവയുടെ കമ്പ്യൂട്ടറാണ്. കുറവു നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിനോട് നെഗോസിയേഷൻ നടത്താതെ കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിനോട് നെഗോസിയേഷൻ നടത്താനുണ്ടായ സാഹചര്യവും, സപ്ലൈ ഓർഡറിൽ നിന്നും വ്യത്യസ്തമായി കമ്പ്യൂട്ടർ വാങ്ങാനുണ്ടായ സാഹചര്യവും വിശദീകരിക്കാൻ ഓഡിറ്റ് എൻക്വയറി (നമ്പർ 7/17-18) നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. സർക്കാർ നിർദ്ദേശം പാലിക്കാതെയുള്ള വാങ്ങലിന് വിശദീകരണം നൽകേണ്ടതാണ്.

## **3-10** സബ്സിഡി തുക ബാങ്കിൽ ഒടുക്കാതെ വി.ഇ.ഒ യുടെ അക്കൌണ്ടിൽ സൂക്ഷിക്കുന്നു. പലിശയിനത്തിൽ വ്യവസായ യൂണിറ്റിന് നഷ്ടം സംഭവിക്കുന്നു.

പ്രോജക്റ്റ് നം - SO 179/18 ( വനിത വ്യവസായ യൂണിറ്റിന് ധനസഹായം നൽകൽ)

നിർവ്വഹണ ഉദ്യോഗസ്ഥ – വി.ഇ.ഒ

വകയിരുത്തിയ തുക – 200000/-

ചെലവഴിച്ച തുക - 150847/-

ഗ്രാമ പഞ്ചായത്തിൽ 4-ാം വാർഡിൽ പ്രവർത്തിച്ചുവരുന്ന കുടുംബശ്രീ സംരഭമായ മൊബൈൽ കാറ്ററിംങ്ങ് യൂണിറ്റിന് 200000/- രൂപ ലോണിന് സംബ്സിഡി നൽകുന്നതിനായാണ് മേൽ പദ്ധതി രൂപീകരിച്ചിരിക്കുന്നത്. കാറ്ററിംഗ് യൂണിറ്റ് ബാലുശ്ശേരി കാനറാ ബാങ്കിൽ നിന്നും 450000/- രൂപ ലോൺ എടുത്തതിൽ 200000/- രൂപ സബ്സിഡി നൽകുക എന്നതാണ് പദ്ധതി കൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്. പദ്ധതി പ്രകാരം 31.3.2018 ന് തനത് ഫണ്ടിൽ നിന്നും 150847/- രൂപ ചെക്ക് മുഖേന പിൻവലിക്കുകയും തുക വി.ഇ.ഒ യുടെ പേരിലുള്ള ബാങ്ക് ഓഫ് ബറോഡയിലുള്ള അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. എന്നാൽ ഈ തുക വ്യവസായ യൂണിറ്റിന്റെ ബാലുശ്ശേരി കാനറാ ബാങ്കിൽ നിന്നും എടുത്ത ലോണിലേക്ക് തിരിച്ചടയ്ക്കാതെ വി.ഇ.ഒ യുടെ അക്കൌണ്ടിൽ തന്നെ നിലനിൽക്കുന്നു. ഇതിനാൽ 9 മാസത്തോളം ഈ തുക വി.ഇ.ഒ യുടെ അക്കൗണ്ടിൽ സൂക്ഷിച്ചതിനാൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം നിറവേറ്റപ്പെട്ടില്ല എന്നു മാത്രമല്ല 150847/- രൂപയ്ക്ക് 9 മാസത്തോളമായി വ്യവസായ യൂണിറ്റ് പലിശയും നൽകേണ്ടതായി വന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/12/18) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, 9 മാസത്തോളം പലിശ ഇനത്തിൽ യൂണിറ്റിന് ഉണ്ടായ ബാധ്യത വി.ഇ.ഒ.യിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## **3-11** ചെലവഴിക്കാത്ത സംയുക്ത പ്രോജക്ടുകളുടെ തുക തിരികെ അടവാക്കിയില്ല

2017-18 വർഷത്തിൽ വിവിധ സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ജില്ല/ബ്ലോക്ക് പഞ്ചായത്തു വിഹിതങ്ങളിൽ ചെലവഴിക്കാത്ത തുക അതതു സ്ഥാപനങ്ങൾക്ക് തിരികെ നൽകിയിട്ടില്ല. വിശദാംശം ചുവടെ

ചേർക്കുന്നു.

| വിഹിതം ലഭിച്ചത് | പ്രോജക്റ്റ് വിവരം | വകയിരുത്തിയത് | ലഭിച്ചത് | ചെലവഴിച്ചത് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | ക്ലീൻ പനങ്ങാട് ഗ്രീൻ പനങ്ങാട് | 10,00,000 | 10,00,000 | 4,49,685 | 5,50,315 |
| | വനിതക്ഷീര കർഷകർക്ക് അളക്കുന്ന പാലിന് സബ്സിഡി | 3,00,000 | 3,00,000 | 2,60,963 | 39,037 |
| ജില്ലാ പഞ്ചായത്ത് | പശുഗ്രാമം | 50,000 | 50,000 | 30,000 | 20,000 |
| | വനിതക്ഷീര കർഷകർക്ക് അളക്കുന്ന പാലിന് സബ്സിഡി | 2,00,000 | 2,00,000 | 34,102 | 1,65,898 |
| ആകെ | | | | | 7,75,250 |

മേൽ പദ്ധതികളൊന്നും 2018-19 വർഷത്തേയ്ക്ക് സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയിട്ടില്ല. അതു കൊണ്ടുതന്നെ ഈ തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് തിരികെ നൽകേണ്ടതാണ്. പ്രസ്തുത തുക തിരികെ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 പോതുമരാമത്ത് പ്രവർത്തികളിൽനിന്ന് നികുതി ഈടാക്കുന്നത് സംബന്ധിച്ച്

2017-18 വർഷത്തിൽ 1-11-2017 ലെ ജി ഒ (പി) 87 / 2017/ത സ്വഭവ ഉത്തരവിലെ നിർദ്ദേശപ്രകാരം 1-7-2017 ന ശേഷമുള്ള പൊതുമരാമത്ത് പ്രവൃത്തികളിൽ ബിൽ തുകയിൽ നിന്ന് ജി.എസ്.ടി ഈടാക്കിയിട്ടില്ല പഞ്ചായത്തിലെ പൊതു മരാമത്ത് പ്രവൃത്തികളിൽ പ്രൈസ് സോഫ്റ്റ് വെയർ വഴി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് പ്രവൃത്തികൾ നടപ്പാക്കുന്നത്. പ്രവൃത്തികളുടെ ഡാറ്റാ പരിശോധിച്ചപ്പോൾ എല്ലാ പ്രവൃത്തികൾക്കും ജി.ഓ(ആർ.ടി)2480/ 2010/ തസ്വഭവ/29.07.2010 നമ്പർ ഉത്തരവ് പ്രകാരം 10% ഓവർ ഹെഡ് ചാർജ് കണക്കാക്കുന്നുണ്ട്. ടാക്സ് പ്രൊവിഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കാണ് ഓവർ ഹെഡ് ചാർജ് ഡാറ്റയിൽ ഉൾപ്പെടുത്തുന്നത്. എന്നാൽ പ്രവർത്തിബില്ലിൽ നിന്ന് 1% ആദായ നികുതിയും 1% തോഴിലാളി ക്ഷേമനിധിയും മാത്രമേ ഈടാക്കുന്നുള്ളൂ. കരാറുകാരനിൽ നിന്ന് ജി.എസ്.ടി.ഈടാക്കാത്ത സാഹചര്യത്തിൽ ഓവർ ഹെഡ്ചാർജിലെ ഈയിനത്തിലെ ടാക്സ് പ്രൊവിഷൻ കരാറുകാരിൽ നിന്ന് തിരികെ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

## 3-13 ഗ്രാമപഞ്ചായത്ത് റോഡ് വികസന പ്രവർത്തനങ്ങൾക്കായി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ്.

റോഡ് കണക്ടിവിറ്റി മാപ്പ് ഇല്ലാതെ റോഡ് വികസന പ്രവർത്തനങ്ങൾ നടത്തുന്നു

29-3 -2017 ലെജി.ഒ (എം.എസ്) 72/2017/എൽ. എസ് .ജി.ഡി ഉത്തരവ് പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 12.10 (1) പ്രകാരം പഞ്ചായത്ത് റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കേണ്ടത് പഞ്ചായത്ത് നടപ്പിലാക്കി പദ്ധതികൾ കണക്ടിവിറ്റി മാപ്പില്ലാതെയാണ് നടപ്പിലാക്കുന്നത്. കണക്ടിവിറ്റി വ്യക്തമാക്കാതെ പദ്ധതി നടപ്പാക്കുന്നത് പ്രവർത്തി നടത്തിപ്പിൽ വ്യക്തത ഇല്ലാതിരിക്കുന്നതിനും പ്രവർത്തികളിൽ ഇരട്ടിപ്പ് ഉണ്ടാകുന്നതിനിടയാകുന്ന സാഹചര്യം ഉണ്ടാകുന്നതിനും പാഴ്ചെലവിനും സാഹചര്യം ഉണ്ടാക്കുന്നു. കൃത്യമായ കണക്ടിവിറ്റി തയ്യാറാക്കി ചെറിയ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് പകരം സമഗ്രപദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

## 3-14 സമയ ബന്ധിതമായി പ്രവർത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പിലാക്കിയിട്ടുള്ള ചില മരാമത്ത് പ്രവൃത്തികൾ കരാർ പ്രകാരമുള്ള സമയ പരിധിയിൽ പൂർത്തിയാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കേണ്ട സമയം സംബന്ധിച്ച പ്രൊജക്ട് കലണ്ടർ കരാറിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രവൃത്തി കരാർ വയ്ക്കുന്നതിനായി കരാറുകാർക്ക് സെലക്ഷൻ മെമ്മോ അയയ്ക്കുക, പ്രവൃത്തി ആരംഭിയ്ക്കുന്നതിനായി സ്ഥലം കരാറുകാർക്ക് കൈമാറുന്നത് എന്നിവ സംബന്ധിച്ച് രേഖകളൊന്നും ഒരു പ്രവൃത്തി ഫയലിലും ലഭ്യമല്ല. വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി വർക്കിംഗ് ഗ്രൂപ്പുകൾ വഴി പ്രവൃത്തി പുരോഗതി മോണിട്ടറിംഗ് നടത്തുകയോ വൈകിയ പ്രവൃത്തികളിൽ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി നിർദ്ദേശങ്ങൾ നല്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാർക്കെതിരെ നടപടി സ്വീകരിക്കുകയോ ചെയ്തു കാണുന്നില്ല. പൂർത്തിയാക്കാൻ താമസിച്ച പ്രവൃത്തികളിൽ ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് | കരാർ | പ്രവർത്തി പൂർത്തി യാക്കിയ തിയ്യതി | ചെലവ് |
|---|---|---|---|---|
| 1 | പകൽ വീട് 44/18 (സ്പിൽ ഓവർ) | 41/AE/PS/ 16-17/ 24-03-2017 ശ്രീ. കുഞ്ഞി മുഹമ്മദ് | 23-01-2018 (M -book-160 /17-18 | 1283469 ബിൽ നം.23/17-18 16.01.18 ബിൽ നം.55/17-18 06.03.18 ചെക്ക്. 546255/6.3.18 |
| 2 | ആനക്കുണ്ട്ങ്ങല് ആര്യങ്കുന്നത്ത് താഴെ റോഡ് 47/18(സ്പിൽ ഓവർ) | 22/AE/PS/ 16-17/ 27-01-2017 ശ്രീ. വിജേഷ്.എം | 18-11-2017 (M -book- 55/17-18 ,277/17-18) | 220523 ബിൽ നം.20/17-18 16-01-18 ബിൽ നം.26/17-18 16-01-18 |
| 3 | പാറമുക്ക് ചീനിക്കൽ റോഡ് 58/18(സ്പിൽ ഓവർ) | 05/AE/PS/ 17-18/ 19-04-2018 ശ്രീ. ബിജു | 27-12-2017 (M -book-56/ 17-18 | 169080 ബിൽ നം.26/17-18 16-01-18 |
| 4 | പടിക്കൽ വയൽ ദാറുൽ റഹ്മാ റോഡ് 53/18(സ്പിൽ ഓവർ) | 38/AE/PS/16-17 /23-03-17 ശ്രീ. ഗോപാലകൃഷ്ണൻ | 06-01-2018 (M -book-259/17-18 | 1243630 ബിൽനം.22/17-18 16.01.18 |

| | | | | |
|---|---|---|---|---|
| | | | | ബിൽ നം.28/17-18<br>27-01-2018 |

പ്രവർത്തികൾ പൂർത്തിയാകുന്നതിൽ കാല താമസത്തിന് കാരണം എന്തെന്ന് ഫയലിൽ വ്യക്തമല്ല. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുന്ന സംഗതിയിൽ ജി.ഒ.(പി) 13/2012/PWD നമ്പർ പുതുക്കിയ മാന്വൽ 2112-1 പ്രകാരം പിഴ ഈടാക്കി ദീർഘിപ്പിച്ച നൽകാം. ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. ദീർഘീകരണം ലഭ്യമാകാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവഹിച്ച പ്രവൃത്തികൾക്ക് തുക നൽകാവുന്നതല്ല. എന്നാൽ മേൽ പ്രവൃത്തികളിൽ പ്രവൃത്തി ദീർഘിപ്പിക്കാൻ കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല.

പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും ദീർഘീകരണം ലഭ്യമാകാതെ കാലതാമസം വരുത്തിയ കരാറുകാർക്കെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകിയ നടപടി ക്രമപ്രകാരമല്ല. പ്രവൃത്തി വൈകിയതിന് നിയമാനുസൃത പിഴ ഈടാക്കി അറിയിക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകത ആവർത്തിക്കാതിരിയ്ക്കാൻ വിഷയം വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ശ്രദ്ധയിൽ കോണ്ടുവരുന്നു.

## 3-15 പൊതു മരാമത്ത് പ്രവർത്തികൾ സമയബന്ധതമായി പ്രവർത്തി പൂർത്തീകരിയ്ക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ട് നഷ്ടമാകുന്നു.

പഞ്ചായത്ത് 2016-17 വർഷത്തിൽ നടപ്പിലാക്കാനായി അംഗീകാരം വാങ്ങിയിട്ടുള്ള ചില പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ ബിൽ തുക നൽകാനായില്ല. ഇതുകാരണം 2016-17 വർഷത്തിൽ ഇതിനായി ലഭിച്ച ഫണ്ട് ചെലവഴിയ്ക്കാതെ പാഴായി പോയ അവസ്ഥ ഉണ്ടായി. മാത്രമല്ല 2017-18 മേൽ പ്രവൃത്തികൾ പൂർത്തീകരിച്ച് ബിൽ തുക നൽകിയതിനാൽ 2017-18 വർഷത്തിൽ നടപ്പിലാക്കിയ പലപ്രവർത്തികൾക്കും പ്രവർത്തി പൂർത്തീകരിച്ചിട്ടും ഫണ്ടില്ലാത്തത് മൂലം ബിൽ തുക നൽകാൻ സാധിച്ചിട്ടില്ല.പൊതു മരാമത്ത് പ്രവൃത്തികളിൽ തൻ വർഷം സ്പിൽ ഓവർ ആയി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികൾ സമയക്രമം പാലിച്ച് നടപ്പിലാക്കിയിട്ടില്ല സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ മാത്രം കരാറിൽ എർപ്പെട്ട് പ്രവൃത്തി തുടങ്ങിയതിനാലാണ് യഥാസമയം പൂർത്തിയാക്കി ബിൽ തുക നൽകാൻ കഴിയാതെ പോയതും 2017-18 വർഷത്തെ പദ്ധതി പ്രവർത്തനത്തെ ബാധിച്ചതും.

| ക്രമനം | പദ്ധതി | ചെലവ് തുക | ഫണ്ടിനം |
|---|---|---|---|
| 1 | എസ്.ഒ22 /17-18മാഞ്ചാലക്കൽ മീത്തൽ കാപ്പിക്കുന്ന് പാത്ത് വേ | 100000 | വികസന ഫണ്ട് |
| 2 | എസ്.ഒ 24/17-18തലയാട് കാവും പുറം ബൈപാസ് റോഡ് | 467220 | റോഡ് മെയ്ന്റനൻസ് |
| 3 | എസ്.ഒ 25/17-18കറോറ മുക്ക് തട്ടാന്റെ പുറായിൽ റോഡ് | 436797 | |
| 4 | എസ്.ഒ 26/17-18<br>സ്മശാനം റോഡ് | 210338 | |
| 5 | എസ്.ഒ 27/17-18<br>കളത്ത് പുറത്ത് കാപ്പങ്കര റോഡ് | 613465 | |
| 6 | എസ്.ഒ 28/17-18<br>സി.പി.മുക്ക് പിള്ളാഞ്ചേരി പാത്ത് വേ | 242829 | |
| 7 | എസ്.ഒ 30/17-18ഏഴ കണ്ടി പൂവത്തും ചോല റോഡ് | 417211 | എസ്.സി.പി |

| | | | |
|---|---|---|---|
| 8 | എസ്.ഒ 31/17-18<br>കുറുംപൊയിൽ തോണിക്കുഴി റോഡ് | 624294 | |
| 9 | എസ്.ഒ 32/17-18തുവ്വക്കടവ് റോഡ് | 384183 | |
| 10 | എസ്.ഒ 33/17-18കണ്ടോത്ത് കണ്ടി കുന്നമ്മൽ റോഡ് | 449778 | |
| 11 | എസ്.ഒ 34/17-18<br>കൊനോളി എരത്ത് കണ്ടി റോഡ് | 411069 | |
| 12 | എസ്.ഒ 35/17-18<br>നെരാടി മല കോരങ്കണ്ടി റോഡ് | 441250 | |
| 13 | എസ്.ഒ 36/17-18<br>പറങ്കുന്നത്ത് മീത്തൽ റോഡ് | 483689 | |
| 14 | എസ്.ഒ 37/17-18താഴോക്കണ്ടി തച്ചം പൊയിൽ റോഡ് | 395651 | |
| 15 | എസ്.ഒ 40/17-18പനങ്ങട് പിഎച്ച്.സി.ഇമ്മ്യൂണൈസേഷൻ ബ്ലോക്ക് | 726776 | മെയിന്റനൻസ് റോഡിതരം |
| 16 | എസ്.ഒ 41/17-18കാപ്പിക്കുന്ന് അങ്കണവാടി അറ്റകുറ്റ പണി | 147147 | |
| 17 | എസ്.ഒ 42/17-18മുണ്ടിയാടി അങ്കണവാടി അറ്റകുറ്റ പണി | 50332 | |
| 18 | എസ്.ഒ 44/17-18പകൽവീട് | 825086 | വികസന ഫണ്ട് |
| 19 | എസ്.ഒ 45/17-18തലയാട് ബസ്സ്റ്റാന്റ് സ്ഥലം സംരക്ഷണം | 299615 | ലോകബാങ്ക് സഹായം |
| 20 | എസ്.ഒ 46/17-18<br>കരയത്തൊടി മാടത്തും കണ്ടി റോഡ് | 449445 | |
| 21 | എസ്.ഒ<br>47/17-18ആനക്കുണ്ടുങ്ങൾ ആര്യങ്കുന്നത്ത് താഴേ റോഡ് | 220523 | |
| 22 | എസ്.ഒ 48/17-18തലയട് ആശുപത്രി വനിതാ വാർഡ് | 338585 | ധനകാര്യകമ്മീഷൻ |
| 23 | എസ്.ഒ 50/17-18ഓണം വയൽറോഡ് | 166164 | |
| | എസ്.ഒ 50/17-18ഓണം വയൽറോഡ് | 223317 | വികസന ഫണ്ട് ജനറൽ |
| 24 | എസ്.ഒ 51/17-18പാലം തല തച്ചൻ പൊയിൽ റോഡ് | 459897 | |
| 25 | എസ്.ഒ 52/17-18പാറമുക്ക് ഉമ്മനത്താഴം റോഡ് | 514032 | |
| 26 | എസ്.ഒ 53/17-18പടിക്കൽ വയൽ ഷാറുൽ ഹുദാറോഡ്പ | 390562 | |
| | എസ്.ഒ 53/17-18പടിക്കൽ വയൽ ഷാറുൽ ഹുദാറോഡ് | 853068 | ധനകാര്യകമ്മീഷൻ |
| 27 | എസ്.ഒ 54/17-18പനങ്ങാട് നോർത്ത് വാഴോമലറോഡ് | 446533 | വികസന ഫണ്ട് ജനറൽ |

| | | | |
|---|---|---|---|
| 28 | എസ്.ഒ 55/17-18അമ്പലമുക്ക് കിഴക്ക വീട്ടിൽ താഴെ റോഡ് | 467835 | |
| 29 | എസ്.ഒ 49/17-18പള്ളിത്താഴം റോഡ് റീ ടാറിങ്ങ് | 396546 | റോഡ് മെയിന്റനൻസ് |
| 30 | എസ്.ഒ 56/17-18കിനാലൂർ ജിയുപി സ്കൂൾ കെട്ടിട പൂർത്തികരണം | 84080 | ലോകബാങ്ക് |
| 31 | എസ്.ഒ 58/17-18പാറമുക്ക് ചീനിക്കൾ റോഡ് | 169080 | |
| | | 12906387 | |

2016-17 വർഷം പൂർത്തിയാക്കേണ്ടിയിരുന്ന മേൽ പ്രവൃത്തികൾക്ക് 2017-18 വർഷത്തിൽ ലഭ്യമായ ഫണ്ടിൽ നിന്നും 1,29,06,387 /-രൂപ നൽകേണ്ടി വന്നതിനാൽ 2017-18 വർഷത്തെ പദ്ധതിയിലുൾപ്പെട്ട പല പ്രവൃത്തികളും പൂർത്തിയായിട്ടും ബിൽ തുക അനുവദിക്കാൻ കഴിയാതെ വന്നു. ഇത് 2018-19 വർഷത്തെ പദ്ധതി പ്രവർത്തനത്തെയും ബാധിക്കുമെന്ന് ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത്തരം കാര്യങ്ങളിൽ ശ്രദ്ധചെലുത്തുന്നതിനായി വിഷയം വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-16 ശമ്പള പരിഷ്കരണം - പുതുക്കിയ ശമ്പളത്തിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല.

2017-18 വർഷത്തെ തനത് ഫണ്ട് പരിശോധിച്ചതിൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടത്തി 1. 7.2014 മുതൽ 31.1.16 വരെയുള്ള കുടിശ്ശികയുടെ 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചതായി കാണുന്നുണ്ട് .എന്നാൽ 20.01. 201 6 ലെ ശമ്പള പരിഷ്കരണ ഉത്തരവ് നം.(പി) 7/2016 ഫിൻ ഖണ്ഡിക 48 (I) പ്രകാരം ജീവനക്കാരുടെ പുതുക്കിയ ശമ്പളത്തിനാനുപാതികമായി പെൻഷൻ കോണ്ടിട്രിബ്യൂഷൻ അടവാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് അടവാക്കിയതായി കാണുന്നില്ല - 1. 4.2013 ന് മുൻപ് സേവനത്തിൽ പ്രവേശിച്ച എല്ലാ ജീവനക്കാരുടെയും ശമ്പളം പുതുക്കിയതിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി അറിയിക്കേണ്ടതാണ്.

## 3-17 അവശ്യ രേഖകൾ ഇല്ലാതെ ആനുകൂല്യങ്ങൾ അനുവദിക്കുന്നു.

പ്രോജക്റ്റ് നം - എസ്.ഒ 165/18

പ്രോജക്റ്റ് - വീട് വാസയോഗ്യമാക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥ – വി.ഇ.ഒ

പദ്ധതി മാർഗ്ഗരേഖ പ്രകാരം മേൽ പദ്ധതിക്കുള്ള ഗുണഭോക്താക്കൾ ബി.പി.എൽ ലിസ്റ്റിൽ പെട്ടവരോ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയിൽ കുറവുള്ളവരോ ആയിരിക്കണം, കൂടാതെ ഗുണഭോക്താക്കൾ വീട് വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് സമർപ്പിക്കേണ്ടതുമാണ് . 60 ച.മീ വരെയുള്ള വീടുകൾക്കാണ് ആനുകൂല്യം നല്കേണ്ടത്. ആനുകൂല്യം ഭാര്യാ ഭർത്താക്കൻമാരുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടിലേക്കാണ് നൽകേണ്ടത് എന്നും മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നു.

എന്നാൽ ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് ധനസഹായം നൽകിയ ഗുണഭോക്താക്കളിൽ നിന്നും ബി.പി.എൽ സർട്ടിഫിക്കറ്റോ വരുമാന സർട്ടിഫിക്കറ്റോ ലഭ്യമാക്കിയിട്ടില്ല. ഉടമസ്ഥൻ സമർപ്പിക്കേണ്ട എസ്റ്റിമേറ്റും എല്ലാവരിൽ നിന്നും വാങ്ങിയിട്ടില്ല. പണി പൂർത്തീകരിച്ച് വാല്യേഷൻ നടത്തിയപ്പോൾ കെട്ടിടത്തിന്റെ വിസ്തീർണ്ണം ഒരു റിപ്പോർട്ടിലും രേഖപ്പെടുത്തിയിട്ടില്ല.ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

1) ബാലൻ മണ്ടോപ്പാറ ( എസ്റ്റിമേറ്റ്, ബിപിഎൽ/വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഇല്ല.)

2) അരിയായി പറയരുകണ്ടി ( ബിപിഎൽ/വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഇല്ല.)

3) കുഞ്ഞിരാമൻ വട്ടച്ചാത്ത് ( എസ്റ്റിമേറ്റ്, ബിപിഎൽ/വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഇല്ല.)

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 23/17-18 തീ 22/12/18) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-18 തൊഴിൽ രഹിത വേതനം അപാകത

ഗ്രാമപഞ്ചായത്തിൽ നിന്നും 2017-18 വർഷത്തിൽ തൊഴിൽ രഹിത വേതനം ഇനത്തിൽ 156720രൂപ ചെലവഴിച്ചിട്ടുണ്ട്.ജി.ഒ.(പി) 23/98/തൊഴിൽ തീയതി, 28-5-1998 പ്രകാരം പ്രതിവർഷ വരുമാനം 12000 രൂപയിൽ അധികരിച്ചാൽ തൊഴിൽ രഹിത വേതനത്തിന് അർഹതയില്ല .നിലവിൽ തൊഴിൽചെയ്യാൻ സന്നദ്ധരായ എല്ലാവർക്കും തൊഴിൽ ലഭ്യമാക്കാനുതകുന്ന വിധത്തിൽ തൊഴിലുറപ്പ് പദ്ധതിയടക്കമുള്ള നിരവധി പദ്ധതികൾ സർക്കാർ നടപ്പാക്കി വരുന്നുണ്ട്. ആയതിനാൽ പ്രതിമാസം 1000 രൂപ വരുമാനമില്ലാത്ത ഗുണഭോക്താക്കൾക്ക് തൊഴിൽരഹിതവേതനം നൽകാവുന്ന സാഹചര്യം ഉണ്ടോ എന്ന് ഗ്രാമപഞ്ചായത്ത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ജോലിചെയ്യാൻ മറ്റുവിധത്തിൽ അവശതയുള്ള വിഭാഗങ്ങൾക്ക് അർഹമായ പെൻഷനും ലഭ്യമാക്കുന്നുണ്ട്. ആയതിനാൽ തൊഴിൽ രഹിത വേതനം ഗുണഭോക്താക്കളുടെ വേതനത്തിനുള്ള അർഹത വിശദമായി പരിശോധിച്ച് അനർഹരെ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-19 തൊഴിലുറപ്പ് പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം 801പ്രവൃത്തികളാണ് തൊഴിലുറപ്പ് മുഖേന നിർവഹിക്കാൻ ലക്ഷ്യമിട്ടത് എന്ന് ആക്ഷൻ പ്ലാൻ പരിശോധിച്ചതിൽ നിന്ന് വ്യക്തമാവുന്നു. ആയത് വ്യക്തികത ഗുണഭോക്താക്കളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയത്. ആയതിനാൽ പ്രവൃത്തികളുടെ എണ്ണം വർദ്ധിച്ചതായി കാണാംഇതിൽ 13 മെറ്റീരിയൽ വർക്കുകളും ഉൾപ്പെടുന്നു. ഒരു അക്രഡിറ്റഡ് എഞ്ചിനീയറും , 2 ഓവർസിയറും , 3 ഡാറ്റാ എൻട്രി ഓപ്പറേറ്ററും ആണ് തൊഴിലുറപ്പ് സെക്ഷനിൽ നിലവിലുള്ളത്. 100 ദിനം പൂർത്തിയാക്കിയവർ 58 കുടുബങ്ങൾ മാത്രമാണ്.

| | | | |
|---|---|---|---|
| 2017-18 വർഷത്തെ മൊത്തം അടങ്കൽ | 9,70,00000/- | | |
| 2017-18 വർഷത്തെ വർഷത്തെ മുൻബാക്കി | 75449 | | |
| 2017-18 വർഷത്തെ ആകെ വരവ് | 32239136 | | |
| 2017-18 വർഷത്തെ ആകെ ചെലവ് | 31092835 | | |
| 2017-18 വർഷത്തെ വർഷത്തെ വർഷാന്ത്യ നീക്കിയിരിപ്പ് | 1221750 | | |
| 2017-18 വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം801 | ആരംഭിച്ച പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | സ്പിൽ ഓവർ പദ്ധതികളുടെ എണ്ണം |

| | | | |
|---|---|---|---|
| ആക്ഷൻപ്ളാൻ പ്രകാരം | 160 | 144 | 16 |
| മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 6488 | | |
| 2017-18 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽദിനങ്ങൾ | 149738 | | |
| പട്ടികജാതി | 26922 | | |
| പട്ടികവർഗ്ഗം | 3422 | | |
| മറ്റുള്ളവർ | 119394 | | |
| ആകെ | 149738 | | |
| സ്ത്രീകൾ | 140313 | | |
| പുരുഷന്മാർ | 9425 | | |
| 2017-18 വർഷത്തിൽ 100തൊഴിൽദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 58 | | |
| മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2017-18 വർഷത്തിൽ തൊഴിൽരഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം | വിതരണം ചെയ്തിട്ടില്ല. | | |
| മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2017-18 വർഷത്തിൽ വിതരണം ചെയ്ത വേതനം | 29984857 | | |

തൊഴിലുറപ്പ് പദ്ധതി വിവരങ്ങൾ 2017-18

| | എസ്.സി | എസ്.ടി | ജനറൽ | ആകെ |
|---|---|---|---|---|
| രജിസ്ട്രേഷൻ | 665 | 98 | 5725 | 6488 |

| | | | | |
|---|---|---|---|---|
| ആകെ തൊഴിലാളികൾ | 648 | 130 | 4376 | 5154 |
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 26922 | 3422 | 119394 | 149738 |
| 100 ദിനം പൂർത്തിയാക്കിയവർ | 15 | 2 | 41 | 58 |
| ചെലവഴിച്ച തുക | കൂലിയിനം | മെറ്റീരിയൽ | ഭരണ ചെലവ് | ആകെ |
| | 26433644 | 3551213 | 1107978 | 31092835 |

| ഏറ്റെടുത്ത പ്രവർത്തിയുടെ വിവരങ്ങൾ (ഇനം തിരിച്ച്) | ആരംഭിച്ചവ | പൂർത്തിയായവ | തുടരുന്നവ |
|---|---|---|---|
| കിണർ നിർമ്മാണം | 9 | 7 | 2 |
| കിണർ റീചാർജിംഗ് | 4 | - | 4 |
| പൊതുകുളം നവീകരണം | 1 | 1 | -- |
| കംപോസ്റ്റ് നിർമ്മാണം | 1 | 1 | -- |
| തോട് സംരക്ഷണം | 1 | 1 | -- |
| കക്കൂസ് നിർമ്മാണം | 7 | 7 | -- |
| ഭവന നിർമ്മാണം | 17 | 10 | 7 |
| അംഗനവാടി നിർമ്മാണം | 1 | -- | 1 |
| റോഡ് കോൺക്രീറ്റിംഗ് | 13 | 13 | -- |
| നഴ്സറി നിർമ്മാണം | 2 | -- | 2 |
| ഭൂവികസന പ്രവർത്തനങ്ങൾ | 104 | 104 | -- |

## 3-20 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് വരവ് വെക്കുന്നില്ല.

2017-18 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ സംക്ഷിപ്തം പ്രകാരം 2012-2013 കാലയളവ് മുതലുള്ള പല വിധത്തിലുമുള്ള ഡെപ്പോസിറ്റുകളും നിലവിൽ തിരിച്ച് നൽകാത്ത ഡെപ്പോസിറ്റായി തുടരുന്നുണ്ട് .

KFC Vol 1 ആർട്ടിക്കിൾ 281 പ്രകാരം, കാലാവധി കഴിഞ്ഞ, നിലനിർത്തേണ്ടവയൊഴികെയുള്ള മുഴുവൻ ഡെപ്പോസിറ്റുകളും തനത് ഫണ്ടിലേക്കു മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 17/11/2017 | 1000000 | 205/18 ക്ലീൻ പനങ്ങാട് ഗ്രീൻ പനങ്ങാട് | 449685 | 550315 |
| | 20/11/2017 | 200000 | 05/18ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 200000 | - |
| | 20/11/2017 | 300000 | 11/18 വനിത ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 260963 | 39037 |
| | 16/12/17 | 201500 | 123/18 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 201500 | - |
| | 12/01/18 | 233750 | 99/18 സംയോജിത നെൽകൃഷി വികസനം | 233750 | - |
| | 22/01/18 | 200000 | 04/18 വൃദ്ധർക്ക് കട്ടിൽ വിതരണം | 200000 | |
| | 19/03/18 | 17500 | 124/18 പച്ചക്കറി കൃഷി കൂലിച്ചെലവ് | 17500 | |
| ജില്ലാ പഞ്ചായത്ത് | 24/03/17 | 50000 | 191/18 പശു ഗ്രാമം | 30000 | 20000 |
| | 16/12/17 | 50000 | 05/18 ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | | |
| | 16/12/17 | 200000 | 11/18 വനിത ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 34102 | 165898 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | 16/12/17 | 100075 | 123/18 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100075 | - |
| | 16/12/17 | 233750 | 99/18സംയോജിത നെൽകൃഷി വികസനം | 233750 | - |
| | 28/03/18 | 149925 | 123/18 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | - | 149925 |

ചെലവഴിക്കാനവശേഷിക്കുന്ന ഫണ്ട് തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് തിരിച്ചടവാക്കേണ്ടതാണ്.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോരിറ്റി | വാഴോറമല കുടിവെള്ള പദ്ധതി | Vr.No.21600912 dt.09.02.17 | 1325000 | 1325000 | 0 |

പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം/മൂല്യനിർണ്ണയ പത്രിക സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് | സാമ്പത്തിക വർഷം | വായ്പ തുക | വർഷാ രംഭത്തിൽ | തൻവർഷം തിരിച്ചടച്ച തുക | വർഷാവ |
|---|---|---|---|---|---|---|

| ഉദ്ദേശ്യം | നമ്പർ/തിയ്യതി | | | തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | മുതൽ | പലിശ | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| ഇ.എം.എസ്. ഭവന പദ്ധതി | 533/18.02.2010 | 2010-11 | 17402500 | 4147800 | 800000 | | 3347800 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 299169 |
| തൻവർഷം നിക്ഷേപിച്ച തുക | 26925(പലിശ) |
| ആകെ | 326094 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 326094 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | പനങ്ങാട് സർവ്വീസ് സഹകരണ ബാങ്ക് | 31.03.2018 | 1 | 326094 | FD No.22800 |
| ആകെ | | | | | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 8615/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2008-09 | 2-2 | 7491 | ശ്രീമതി.ഉമ.ടി (സെക്രട്ടറി) | 117040100576 dt. 07.05.17 |
| 2009-10 | 2-4 | 1124 | | 117040100577dt.17.05.17 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | | 2001-02 | 11.7.പേജ് 76 | വയലട പ്രാഥമികാരോഗ്യ കേന്ദ്രം- പാഴ്ചെലവ് | 2006-08(11) ഖ 153 നിലവിലെ അവസ്ഥ സംമ്പന്ധിച്ച് റിപ്പോർട്ട് നൽകാൻ ശുപാർശ |
| 2001-02 | | 2002-03 | 11(3),പേജ് 114,115 | ഓട്ടുമേയൽ ധനസഹായം | 2011-14(12) ഖ.71 ഒഴിവാക്കാൻ ശുപാർശ |
| 2001-02 | | 2003-04 (മറ്റ് പരാമർശം) | 11.4,പേജ് 118 | നളന്ദ ഹെറിറ്റേജ് മ്യൂസിയം | |
| 2003-04 | 3-2 | 2006-07പൊതു പരാമർശം) | 3.79.12.4.പേജ് 109 | കാർഷികോപകരണ വിതരണം | |
| 2014-15 | 3-18 | 2016-17 | 6B പേജ് 93 | ആശ്രയ ധനവിനിയോഗം സാധ്യമാകാത്തത് | |
| 2014-15 | 2-1 | 2016-17 | അനുബന്ധം 4, പേജ് 188 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-3 | 2016-17 | അനുബന്ധം 5, പേജ് 211 | തൊഴിൽ നികുതി അപാകതകൾ | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ | ചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക | റവന്യൂ റിക്കവറി നടപടി | കോടതി വ്യവഹാര ങ്ങളിൽ | ആകെ ലഭ്യമായ | അവശേ ഷിക്കുന്ന തുക/ | റിമാർ ക്ക്സ് |
|---|---|---|---|---|---|---|---|---|---|---|

| | | | സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | നമ്പരും തീയതിയും | തുക | (രസീത് നമ്പർ/ തീയതി) | യിലൂടെ ഈടാക്കിയ തുക (തീയതി) | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | തുക | ബാധ്യത | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | | ഇല്ല | | | | | | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | | ഇല്ല | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 118364307 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 83155218 |
| വരവിനങ്ങളിലുള്ള നഷ്ടം | 7717 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 5010 | | സെക്രട്ടറി, ശ്രീ. അബ്ദു റഹീം.കെ |
| 2(2) | 2707 | | സെക്രട്ടറി, ശ്രീ. അബ്ദു റഹീം.കെ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഫണ്ടിനം |
|---|---|---|
| 2(1) | 13200 | ഗ്രന്ഥശാലാവരി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അബ്ദു റഹീം.കെ സെക്രട്ടറി, | സെക്രട്ടറി, പനങ്ങാട് ഗ്രാമപഞ്ചായത്ത് | മസ്കാൻ ഹൗസ്,പൂന്നശ്ശേരി പി.ഒ 673585 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1994-95 | എൽ.എഫ്.കെ.കെ.ഡി.പി10/349/11 തീയതി. 02/06/2011 | 14,19 | |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി10/349/11 തീയതി. 02/06/2011 | 2 – {37,38(2)} | |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി10/349/11 തീയതി. 02/06/2011 | 2-8,21 | |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി10/349/11 തീയതി. 02/06/2011 | 22,23,24,25,12 | |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി3/1104/09(4) തീയതി. 02/06/2011 | 2-1,3-1,3-2,3-3,3-4,<br>3-5,3-6,3-8,3-9,<br>3-10,3-11,3-12,3-13, 3-14, | |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി3/140/09 | 1-A,B,C,2-1,3-1,3-2,3-3,<br>3-4,3-5,3-6,3-7,4-1,4-2,4-3,4-4 | |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി10/353/11 തീയതി. 11/02/2011,3/./3,11 | 1A,1B,1C,1D,1E,2-1,2-2,<br>3-1,3-2{1,2,3},<br>3-3,3-4,3-5,3-6,3-7,3-8 | |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി10/460/11 തീയതി 27/04/2011 | 1A,1B,2-1,2-2,2-3,2-4,2-5,<br>2-6,2-7,2-8,2-9,<br>2-10,3-1,3-2,3-3,3-4,3-5(A,B),<br>3-6 മുതൽ 3-17 വരെ, 4-3,4-4,<br>4-5,4-6,4,7 | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി10/608/12(1) തീയതി 25.04.2012 | 54 ഖണ്ഡികകൾ | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി10/1403/12 തീയതി. 30/07/2012 | എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു | |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി10/1166/14 തീയതി. 05/09/2013 | 1-1,1-3,1-6,1-7,<br>ഭാഗം2(ഖണ്ഡിക2-3,2-6(2) എന്നിവ ഒഴികെ,) ,ഭാഗം 3,4-2,4-7 | |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി10/776/13(1) തീയതി. 18/07/2013 | 1-1,1-6,2-3(1),2-4,3-2,3-3,3-4,3-5,<br>3-6,3-7,3-8(a),3-10,3-11,3-12,<br>3-15,<br>3-16,3-17,3-18,3-19, 4-3,4-7 | |

| | | | |
|---|---|---|---|
| 2011-12 & 2012-13 | എൽ.എഫ്.കെ.കെ.ഡി.പി10/1038/14 തീയതി. 04/07/2014 | 2-1(1,2,3,4),2-2(1,2,3), 2-3,3-1, 3-2,3-3,3-4,3-5,3-6,3-7, 3-8,3-9,3-10,3-11,3-12,4-11 | |
| 2013-14 &2014-15 | കെ.എസ്.എ.കെ.കെ.ഡി.പി10/10170/17 തീയതി. 17/03/2018 | 2-1(1,2),2-2,3-1(2),3-2(2),3-3,3-4, 3-6(1,2),3-7(1,2,3,4,5,6),3-8,3-9, 3-10(1,2), 3-11(1,2,3,5,6),3-12,3-13, 3-14,3-15,3-16,3-17,4-10 | |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി10/2175/2016 തീയതി 29.12.2016 | 2-3,3-2,3-4,3-5,,3-6,3-7,3-9, 3-10,3-12,3-15,3-18,4-9 | |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി10/1820/2017 തീയതി 12.10.2017 | 2-1, 2-2, 2-3, 2-4(1)(2)(3), 2-5(1)(2)(3),3-2,3-3, 3-4, 3-5, 3-6,3-7, 3-8, 3-9,3-10,3-12,3-13, 3-14, 3-15,3-16, 3-17, 3-18 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം -1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.കെ.കെ.ഡി.പി.16/8/2019 തീയതി 31.01.2019

1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 13,1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 259(6), 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളില ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരസഭാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംഭിച്ചും 22.05.2018 ലെ (സാധാ) 1413/2018/ ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പനങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരങ്ങൾ നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.